## പ്രതീക്ഷയുടെ

# പൂമൊട്ടുകൾ

ഓഗസ്റ്റ് 2009



സ്വർഗ്ഗാരോപണതിരുനാളിന്റെയും
സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!

പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



ഞങ്ങളുടെ ആശ്രയമായ പരിശുദ്ധ അമ്മേ,
പാപം ഞങ്ങളെ പ്രലോഭിപ്പിക്കുമ്പോൾ അമ്മ
ഞങ്ങളെ ശക്തിപ്പെടുത്തുവാനായി കടന്നുവരണമെ.
മന്ദതയിൽ ഞങ്ങൾ മയങ്ങിക്കിടക്കുമ്പോൾ
അരികിൽവന്ന് ഞങ്ങളെ തൊട്ടുണർത്തേണമെ.
പരിപൂർണ്ണതയിലേക്കുള്ള യാത്രയിൽ ഞങ്ങൾ
ക്ഷീണിച്ചുതളരുമ്പോൾ ആശ്രയത്വത്തിന്റെ
വാക്കുകൾ ഞങ്ങളോട് പറയണമെ.
അമ്മേ, അങ്ങയുടെ വാക്കുകൾ ശ്രവിച്ചാൽ
ഞങ്ങളുടെ പാത സുഖകരമാകും.
ഞങ്ങളുടെ ലക്ഷ്യത്തിൽ ഞങ്ങൾ വേഗം എത്തും.
വിശുദ്ധി പ്രാപിക്കാമെന്ന വിശ്വാസം ഞങ്ങളിൽ സുദൃഢമാകും.
പരിശുദ്ധ അമ്മേ, ആശ്രയമാതാവേ ഞങ്ങളെയും ഞങ്ങളുടെ
എല്ലാ സഹോദരങ്ങളെയും സഹായിച്ചനുഗ്രഹിക്കണമെ.

ആമ്മേൻ.

“ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം” (1 തെസ 4,3).

“സാഹോദര്യസ്നേഹത്തിനു മാത്രമേ ഇന്നത്തെ ലോകത്തെ സ്വതന്ത്രമാക്കാൻ സാധിക്കുകയുള്ളൂ”

(ദൈവദാസൻ വില്യം ജക്വീൻതാ)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ലക്കം 3 ഓഗസ്റ്റ് 2009



സ്പിരിച്ചൽ ഡയറക്ടർ:
റവ. ഫാ. മാത്യു വെള്ളാനിക്കൽ

ചീഫ് എഡിറ്റർ:
ഷിനി മുതുപ്ലാക്കൽ എ.ഒ.

എഡിറ്റോറിയൽ ബോർഡ്:
സുജ ചോതിരക്കുന്നേൽ എ.ഒ.
റെസി കറുകപ്പറമ്പിൽ എ.ഒ.
ഷീലമ്മ പൂതക്കുഴി എ.ഒ

അഡ്വൈസറി ബോർഡ്:
റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
അന്നമ്മ കുളത്തുപുരയിടം എ.ഒ.

സർക്കുലേഷൻ മാനേജർ:
മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ

ലേഔട്ട് & പ്രിന്റിങ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. Tel: 2570862
Email: wigi_press@rediffmail.com

പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്
സ്പിരിച്ചാലിറ്റി സെന്റർ
മാങ്ങാനം പി.ഒ.,
കോട്ടയം 686 018
ഫോൺ: 0481-2578192,2309774
Email: prosanctity@gmail.com


## ഉള്ളടക്കം



• സഭയും സാമൂഹിക പ്രതിബദ്ധതയും 3
• യുഗാന്ത്യ പ്രതീക്ഷ 5
• കർത്തൃദിനത്തിന്റെ മഹത്ത്വം 7
• അനുഗ്രഹമോ ശാപമോ? 10
• ശുശ്രൂഷാപൗരോഹിത്യവും വിശുദ്ധിയിലേക്കുള്ള വിളിയും 12
• സ്വാതന്ത്ര്യം മാനവികതയുടെ സാക്ഷാത്ക്കാരത്തിന് 14
• ഏറ്റുപറച്ചിൽ 16
• ടെലിവിഷൻ കുടുംബത്തിൽ 19
• പ്രത്യാശയുടെ ഉറവിടം 22
• തീരമണയുമ്പോൾ... 24
• ഒന്നു മനസ്സിലാക്കിയിരുന്നെങ്കിൽ...! 27
• ഭക്ഷണമേശ 29
• റെഡിമെയ്ഡ് കൂദാശകൾ 32










എഡിറ്റോറിയൽ



# യഥാർത്ഥ സ്വാതന്ത്ര്യം

'ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് ദൈവത്തിൽ എത്തിച്ചേരാനുള്ള ജീവിതമാണ് ഇത്' എന്ന ബാലപാഠമെന്തേ മനുഷ്യൻ മറക്കുന്നു... ഈ ലോകംകൊണ്ട് അവസാനിക്കുന്നതല്ല ജീവിതം എന്നും ധാർമ്മിക മൂല്യങ്ങൾ തച്ചുടച്ച് തട്ടിക്കൂട്ടുന്നതൊക്കെ അനുഭവിക്കാൻ നീർക്കുമിളയ്ക്ക് സമമായ ഇഹലോകജീവിതം മാത്രമേയുള്ളു എന്നും ഒരു വട്ടമെങ്കിലും ചിന്തിച്ചിരുന്നെങ്കിൽ... ഈശോമിശിഹായുടെ രണ്ടാമത്തെ ആഗമനം ധ്യാനിക്കുന്ന ഏലിയാ-സ്ലീവ-മൂശക്കാലവും മഹത്ത്വീകൃതയായ സ്വർഗ്ഗീയസഭയെ ഓർമ്മിപ്പിക്കുന്ന പള്ളിക്കൂദാശക്കാലവും കടന്നുവരികയാണ്. "ഒരുവൻ ലോകംമുഴുവൻ നേടിയാലും സ്വജീവൻ നഷ്ടമായാൽ അവന് എന്തു പ്രയോജനം" (മത്താ 16,26) എന്ന ഗുരുവചസ്സ് മാനസാന്തരത്തിന്റെ വേലിയേറ്റമുയർത്തി മനസ്സിലെ പാപക്കറകൾ മായിക്കുവാൻ ഉപകരിക്കണം.

പാപത്തിന്റെ അടിമച്ചങ്ങല പൊട്ടിച്ചെറിഞ്ഞ് മണ്ണായ മനുഷ്യനെ വിണ്ണോളമുയർത്തുവാൻ കടന്നുവന്ന രക്ഷകന് ജന്മം നല്കിയ പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാൾ നാം ആഘോഷിക്കുകയാണ്. 'ഇതാ കർത്താവിന്റെ ദാസി' എന്ന മാതാവിന്റെ വചനം യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ പ്രകടനമായിരുന്നു. ദൈവഹിതം നിറവേറ്റുന്ന ജീവിതത്തിലാണ് യഥാർത്ഥ സ്വാതന്ത്ര്യം അനുഭവവേദ്യമാകുന്നത്. ദൈവേഷ്ടത്തിനെതിരേ തന്നിഷ്ടത്തിന്റെ മേൽക്കൂര ഉയർത്തുമ്പോഴാണ് രാഷ്ട്രവും മതവും നിയമവും ധർമ്മവും അപരന്റെ നന്മയും ഒക്കെ അടിമത്തമായി മാറുന്നത്. "സ്നേഹിച്ചുകൊണ്ടുമാത്രമേ പടുത്തുയർത്താനാവൂ" എന്ന ദൈവദാസനായ ബിഷപ്പ് വില്യം ജക്വീന്തായുടെ വാക്കുകൾ ഇവിടെ സ്മരണീയമാണ്. വ്യക്തികളുടെ വളർച്ചയ്ക്കും രാജ്യത്തിന്റെ കെട്ടുറപ്പിനുമെല്ലാം നാം ഉപയോഗിക്കേണ്ട ആയുധം സ്നേഹമാണ്. ജന്മം മുതൽ ജീവിതാന്ത്യംവരേയും സഹനങ്ങളേറെ ഏറ്റെടുത്ത് ദൈവഹിതം അനുവർത്തിച്ചശേഷം ഇപ്പോൾ സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്ന പരി. അമ്മ നമുക്ക് ജീവിതമാതൃകയാകണം. അപ്പോൾ ജീവിതക്ലേശങ്ങൾ നിത്യമഹത്വകിരീടത്തിനുള്ള മുത്തുകളായി നമുക്ക് അനുഭവപ്പെടും.

നാടെങ്ങും സ്വാതന്ത്ര്യദിനത്തിന്റെ ആഘോഷത്തിമർപ്പിലെത്തിയിരിക്കുന്ന വേളയിൽ ഉയരുന്ന ഒരു ചോദ്യമുണ്ട്- ഇതോ യഥാർത്ഥ സ്വാതന്ത്ര്യം...? പലവിധത്തിൽ, പല മേഖലകളിൽ അടിമത്തം അനുഭവിക്കുന്ന അനേകം ആളുകൾ ഇനിയുമുള്ളപ്പോൾ ഈ ആഘോഷങ്ങളൊക്കെ അർത്ഥമില്ലാതായിത്തീരുന്നില്ലേ...?

സ്വാതന്ത്ര്യപ്പുലരിയും ഭാരതാംബയ്ക്ക് പൂർണ്ണസന്തോഷം നിറഞ്ഞതായിരുന്നില്ല. അധികാരകൈമാറ്റത്തോടൊപ്പം അവിഭക്ത ഇന്ത്യയിൽനിന്നും ഇസ്ലാംമതസഹോദരങ്ങൾക്കായി പാകിസ്ഥാൻ എന്ന സ്വതന്ത്രരാഷ്ട്രം ഉടലെടുത്തു. വർഗീയതയുടെ വാളിനാൽ അന്ന് ഏല്ക്കേണ്ടിവന്ന വിഭജനത്തിന്റെ വടുക്കൾ അവൾക്ക് ഇനിയും വിങ്ങലാകുന്നു. രാജ്യത്തിന്റെ അഖണ്ഡതയ്ക്കു ചേരാത്ത വിധ്വംസകപ്രവർത്തനങ്ങളും ഭീകരാക്രമണങ്ങളും വർഗ്ഗീയകലാപങ്ങളും ആർഷഭാരതസംസ്കാരത്തിന്റെ ചുവടിനു കോടാലി വയ്ക്കുന്ന ചില പുതിയ നിയമ പരിഷ്കാരങ്ങളും കൊള്ളയും കരിഞ്ചന്തയും കൈമുതലാക്കി മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ വ്യക്തികളുമൊക്കെ അവളുടെ ജീവസുറ്റ പൈതൃകത്തിനുമേൽ മരണത്തിന്റെ മണിമുഴക്കങ്ങളാകുന്നു. വ്യക്തികളുടെയും കുടുംബങ്ങളുടെയും ഇടയിൽ പണിതുയർത്തിയിരിക്കുന്ന സ്വാർത്ഥതയുടെ മതിൽക്കെട്ടുകൾ സ്വാതന്ത്ര്യപ്രഭയ്ക്ക് മങ്ങലേല്പിക്കുന്നു.

സ്വർഗ്ഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ!

● ഷിനി മുതുപ്ലാക്കൽ

# സഭയും സാമൂഹിക പ്രതിബദ്ധതയും

"സത്യത്തിൽ സ്നേഹം" (Caritas in Veritate) എന്ന ചാക്രികലേഖനം ആസ്പദമാക്കിയുള്ള ഒരു പഠനം

● ഫാ. റ്റോംസ് വി. കളപ്പുരയ്ക്കൽ

ഉത്തരാധുനിക (Post Modern) ലോകത്തിന് സഭയുടെ ഏറ്റം വലിയ സംഭാവനയായി ഗണിക്കപ്പെടേണ്ട ഒരു ചാക്രികലേഖനമാണ് കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ ബനഡിക്റ്റ് പതിനാറാമൻ പാപ്പാ ജൂൺ 7-ാം തീയതി നൽകിയ "സത്യത്തിൽ സ്നേഹം" (Caritas in Veritate). ഇത് പാപ്പായുടെ മൂന്നാമത്തെ ചാക്രികലേഖനമാണ്. ഇതിന്റെ പിന്നിൽ, ചില സംഭവങ്ങളേയും ആഗോളപ്രതിഭാസങ്ങളേയും ഉത്തരാധുനികത അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളേയും ചേർത്ത് വായിക്കാതെ ഈ രേഖയുടെ അർത്ഥതലങ്ങൾ വ്യക്തമാകില്ല.



1 **Global Recession:** ആഗോള സാമ്പത്തിക പ്രതിസന്ധി എല്ലായിടത്തും ചർച്ചാവിഷയമാണ്. മുൻനിര ലോകബാങ്കുകൾ പാപ്പരാകുന്നു; മൾട്ടിനാഷണൽ കമ്പനികൾ (MNCs) നഷ്ടത്തിലേക്ക് കൂപ്പുകുത്തുന്നു; ഓട്ടോ മൊബൈൽ ഭീമന്മാരായ GM (General Motors) പോലുള്ള കമ്പനികൾ സാമ്പത്തിക സഹായത്തിനായി കൈനീട്ടുന്നു; കമ്പനികൾ തൊഴിലാളികളെ തല്ലിക്കൊഴിക്കുന്നു. ഒരു പക്ഷേ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ലോകം അഭിമുഖീകരിക്കുന്ന വൻ സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് ലോകം ഇന്ന് കടന്നുപോകുന്നത്. പുതിയ ഒരു "സാമ്പത്തികക്രമ"ത്തെക്കുറിച്ച് ലോകം ഇന്ന് കൂലങ്കഷമായി ചിന്തിക്കുന്ന ഘട്ടം വരെ എത്തിനിൽക്കുമ്പോൾ പുതിയ സാമ്പത്തികക്രമത്തിന് ഊടും പാവും ആകേണ്ട ദർശനങ്ങളാൽ സമൃദ്ധമാണ് "സത്യത്തിൽ സ്നേഹം" എന്ന ചാക്രികലേഖനം.

**2. G-8 രാജ്യങ്ങൾ:** ലോകത്തിലെ സമ്പന്നരാഷ്ട്രങ്ങളുടെ (G-8 രാജ്യങ്ങളുടെ) തലവന്മാർ ആഗോളസാമ്പത്തിക പ്രതിസന്ധിക്കിടയിൽ ചേർന്ന ആദ്യസമ്മേളനത്തിന്റെ തലേദിവസമാണ് സഭയുടെ ശബ്ദം ലോകമനഃസാക്ഷിയുടെ മുമ്പിൽ "സത്യത്തിൽ സ്നേഹത്തി"ലൂടെ അവതരിപ്പിക്കപ്പെട്ടത്. ഭൗതികസുഖത്തിനും ജീവിതത്തിന്റെ ആസ്വാദ്യതയ്ക്കും മുൻതൂക്കം നല്കി പരക്കംപാഞ്ഞ യൂറോപ്യൻ രാജ്യങ്ങൾക്ക് എവിടെയാണ് തെറ്റുപറ്റിയതെന്ന് ഈ രേഖ സവിസ്തരം പ്രതിപാദിക്കുന്നു.

**3. സഭയുടെ പ്രബോധനത്തിന്റെ ഇടമുറിയാത്ത ധാര:** സാമൂഹിക ഔത്സുക്യത്തോടുള്ള സഭയുടെ പ്രതിബദ്ധത എന്നും സുവിദിതമായിരുന്നു. ഈ രേഖയ്ക്ക് അടിസ്ഥാനമായി നിൽക്കുന്നത് പോൾ ആറാമൻ മാർപാപ്പയുടെ 'ജനതകളുടെ പുരോഗതി' (Populorum Progressio-1967) എന്ന ചാക്രികലേഖനമാണ്. പ്രസ്തുതരേഖ 40 വർഷം പിന്നിട്ടതിന്റെ മധുരസ്മരണകൾ അയവിറക്കിക്കൊണ്ട് അതിന്റെ അടിത്തറയിലാണ് കൂടുതൽ ചിന്തകളും വിശകലനങ്ങളും വിശദീകരിക്കപ്പെടുക. "സാമൂഹിക ഔത്സുക്യം" (Solicitudo rei Socialis) എന്ന ജോൺപോൾ രണ്ടാമൻ പാപ്പായുടെ സുപ്രസിദ്ധ ചാക്രികലേഖനവും ഇതിൽ സവിസ്തരം വിശകലനം ചെയ്യപ്പെടുകയും അവയോട് കാലികമായ കൂട്ടിച്ചേർക്കലുകൾ നടത്തപ്പെടുകയും ചെയ്യുന്നു.

**4. വിശകലനവിഷയങ്ങൾ:** "അർത്ഥപൂർണ്ണമായി സ്നേഹിക്കാനുള്ള ആന്തരികമായ ചോദന എല്ലാ മനുഷ്യരിലുമുണ്ട്. സ്നേഹവും സത്യവും പൂർണ്ണമായി ഒരിക്കലും ഒഴവാക്കപ്പെടുന്നില്ല; കാരണം എല്ലാ മനുഷ്യരുടേയും മനസ്സിലും ഹൃദയത്തിലും ദൈവം നിക്ഷേപിച്ച ഒരു **വിളിയാണത്**" (വാ. 1). പ്രസ്തുത വാക്യം ഒരു നിർവ്വചനംപോലെ യുക്തിഭദ്രമാണ്. തുടർന്ന്, ഈ സ്നേഹത്തിന്റെ സ്ഥൂല സൂക്ഷ്മ (Macro-Micro) തലങ്ങളിലൂടെ വളരുന്ന സത്യത്തെ അവതരിപ്പിക്കുന്നു. ഉപവി എന്നത് സ്നേഹം കൊടുക്കുന്നതും സ്വീകരിക്കുന്നതുമാണ്. ഇതൊരു **കൃപയാണ്** (വാ. 5). ജീവന്റെ മൂല്യം, തൊഴിലാളി ക്ഷേമം, മനുഷ്യന്റെ സമഗ്രവികസനം, മാധ്യമങ്ങൾ, ജൈവ ധാർമ്മികത, സമ്പദ്‌വ്യവസ്ഥ, രാഷ്ട്രീയം, മാർക്കറ്റ്, വിദ്യാഭ്യാസം, ദൈവനിഷേധത്തിന്റെ തത്ത്വശാസ്ത്രം തുടങ്ങിയവയെക്കുറിച്ചുള്ള പരാമർശനങ്ങൾക്കൊപ്പം ഇന്നത്തെ തകർച്ചയുടെ പിന്നാമ്പുറങ്ങളിലേക്കുള്ള ശാസ്ത്രീയവിശകലനവും ഈ രേഖയുടെ ചാരുതയും സമഗ്രതയും വിളിച്ചോതുന്നു. ഇത്രയേറെ വൈവിധ്യമാർന്ന തലങ്ങളെ സ്പർശിക്കുന്ന മറ്റൊരു രേഖയില്ല എന്നുതന്നെ പറയാം.

"മനുഷ്യന്റെ ലൗകിക പ്രവൃത്തികൾ ഉപവിയാൽ പ്രചോദിപ്പിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നതുവഴി ദൈവത്തിന്റെ രാജ്യം യാഥാർത്ഥ്യമാകുന്നു" (വാ. 7). സ്നേഹം എന്നത് വെറുമൊരു വികാരമെന്നതിനേക്കാൾ അതീന്ദ്രിയമായ ഒരു യാഥാർത്ഥ്യമാണ്. 'സത്യത്തിൽ അധിഷ്ഠിതമായ സ്നേഹം' മാനവകുലത്തിന്റെ മുഴുവൻ സമഗ്രവിമോചനത്തിന്റെയും, മാനവികതയിലും ദൈവികതയിലും പടമൂന്നിയ ഒരു പുതു സംസ്കൃതിയുടേയും ഉണർത്തുപാട്ടായി പരിലസിക്കുന്നു.

മാർക്സിന്റെ തൊഴി ലാളി വർഗ്ഗ സിദ്ധാന്തത്തിന്റെ മൂല്യ സങ്കല്പത്തിലെ (Labour Theory of Value) "പണം" എന്ന സങ്കല്പത്തിനും, റിക്കാർദോയുടെ ക്ലാസിക്കൽ ദർശനങ്ങൾക്കും, മേഞ്ഞൂർ-ഷിവോൺസ്-വാൾറാസ് (Menger-Jevons-Walras)-ന്റെ Monetarists (സാമ്പത്തികർ) എന്നൊക്കെ വിളിക്കാവുന്ന സാമ്പത്തിക ശാസ്ത്രദർശനങ്ങൾക്കുമൊക്കെ അതീതമായി നില്ക്കുന്ന സഭയുടെ സാമ്പത്തിക കാഴ്ചപ്പാടിലേക്കുള്ള എത്തിനോട്ടമായി നമുക്കീ രേഖയെ കാണാവുന്നതാണ്.

മനുഷ്യൻ വസ്തുവൽക്കരിക്ക (commodify) പ്പെടുന്ന ആധുനിക ലോകത്തിൽ മനുഷ്യൻ എന്ന മഹോന്നത സത്തയുടെ ശ്രേഷ്ഠത അടിവരയിട്ട് പ്രഖ്യാപിക്കുന്നതിൽ ഈ രേഖ സവിശേഷ ശ്രദ്ധ പ്രകടിപ്പിക്കുന്നുണ്ട്. ലോകത്തിലെ ദരിദ്രർ ഒരു ശാപമല്ലെന്നും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ ഉത്കൃഷ്ട മാനുഷികാവസ്ഥയിലേക്ക് കൈപിടിച്ചുയർത്തുവാൻ സമ്പന്ന രാജ്യങ്ങൾക്ക് ധാർമ്മിക ഉത്തരവാദിത്വം ഉണ്ടെന്നും ഈ രേഖ സമർത്ഥിക്കുന്നു.

ആഗോളസാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിലും അതിധൃതപുരോഗതിയിലേക്കു കുതിക്കുന്ന BRIC (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന) രാജ്യങ്ങൾക്ക് ഈ രേഖ ഒരു ദർശനാടിത്തറ നല്കും. അതായത്, സാമൂഹിക അനീതി നടമാടാത്തതും സമ്പന്നദരിദ്ര ധ്രുവങ്ങളെ സമന്വയിപ്പിച്ചുള്ളതുമായ സമഗ്രപുരോഗതി കൈവരിച്ചുകൊണ്ട് രാഷ്ട്രങ്ങളെ എങ്ങനെ നയിക്കാമെന്ന് ഇത് പഠിപ്പിക്കുന്നു. പുരോഗതിയുടെ പുതിയ സാമ്പത്തിക നയത്തിന്റെ 'മാഗ്നാ കാർട്ടാ' ആയി സത്യത്തിൽ സ്നേഹം എന്ന രേഖ പ്രശോഭിക്കുന്നു.

ലോകത്തിലെ ദരിദ്രർ ഒരു ശാപമല്ലെന്നും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ ഉത്കൃഷ്ട മാനുഷികാവസ്ഥയിലേക്ക് കൈപിടിച്ചുയർത്തുവാൻ സമ്പന്ന രാജ്യങ്ങൾക്ക് ധാർമ്മിക ഉത്തരവാദിത്വം ഉണ്ടെന്നും ഈ രേഖ സമർത്ഥിക്കുന്നു.

(തുടരും...)


# യുഗാന്ത്യ പ്രതീക്ഷ

• ഫാ. ജോസ് പുതിയാപറമ്പിൽ

സീറോമലബാർ സഭയുടെ ആരാധന ക്രമവത്സരത്തിലെ ആറാമത്തെ കാലമായ കൈത്താക്കാലമാണല്ലോ നാമിപ്പോൾ ആചരിക്കുന്നത്. ഇതിനു മുൻപ് ആചരിച്ച ശ്ലീഹാക്കാലവും ഇപ്പോൾ ആചരിക്കുന്ന കൈത്താക്കാലവും അടുത്തതായി ആഗതമാകുന്ന ഏലിയാശ്ലീവാമൂശെക്കാലങ്ങളും ഏറെ ബന്ധപ്പെട്ടുകിടക്കുന്നവയാണ്. ശ്ലീഹാക്കാലത്ത് സഭയുടെ ആരംഭവും ശൈശവവുമാണനുസ്മരിക്കുന്നതെങ്കിൽ അതിന്റെ തുടർച്ചയായിവരുന്ന കൈത്താക്കാലത്തിൽ സഭയുടെ വളർച്ചയാണ് പ്രധാന അനുസ്മരണാവിഷയം. ഗ്രീഷ്മം, വേനൽ, എന്നർത്ഥം വരുന്ന കൈത്താ എന്ന സുറിയാനി വാക്കിൽ നിന്നാണ് കാലത്തിന്റെ പേരു വരുന്നത്. സഭ ഫലം പുറപ്പെടുവിച്ചു തുടങ്ങിയതിനെ അനുസ്മരിക്കുന്ന ഫലാഗമന കാലമെന്നും ഇതിനെ വിളിക്കുന്നു. അപ്പസ്തോലന്മാരും രക്തസാക്ഷികളും സഭാപിതാക്കന്മാരുമായി സഭയ്ക്കു നേതൃത്വവും മാതൃകയുമായിരുന്നവരുടെ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുനാഥന് സാക്ഷ്യംവഹിക്കുവാൻ അനേകം വിശ്വാസികൾ രൂപംകൊണ്ടു. ഇത്തരത്തിലുള്ള സഭയുടെ വളർച്ചയാണ് കൈത്താക്കാലത്തിന്റെ അനുസ്മരണാവിഷയം. ഈ സ്മരണ ഓരോ ക്രിസ്ത്യാനിയെയും സഭയോടു വിശ്വസ്തരും സ്നേഹമുള്ളവരുമായി ജീവിക്കുവാൻ പ്രാപ്തരാക്കണം.

ആദ്യത്തെ ഞായറാഴ്ചതന്നെ 12 ശ്ലീഹന്മാരെ സവിശേഷമായി അനുസ്മരിച്ചുകൊണ്ടാണ് ആരംഭിച്ചത്. സഭയുടെ വളർച്ചയ്ക്ക് ആരംഭം കുറിച്ചത് അവരാണല്ലോ ഒപ്പം വെള്ളിയാഴ്ചകളിൽ അപ്പസ്തോലന്മാരുടെയും രക്തസാക്ഷികളുടെയും ഓർമ്മയാചരിക്കപ്പെടുന്നു. ഇവരുടെ അക്ഷീണ പരിശ്രമവും ജീവിതമാതൃകയും ജീവൻ പണയപ്പെടുത്തിയുള്ള ക്രിസ്തുസാക്ഷ്യവും സഭയുടെ വളർച്ചയ്ക്ക് നിദാനമായി. ആദിമ ക്രൈസ്തവസമൂഹത്തിന് ഈശോയ്ക്കുവേണ്ടി എന്തും സഹിക്കാനും ത്യജിക്കാനും പ്രേരണ ലഭിച്ചത് ഇവരിൽനിന്നാണ്. വി. കുർബാനയിലും മറ്റ് ആരാധനക്രമ പ്രാർത്ഥനാഗീതങ്ങളിലുമുള്ള ഇവരുടെ അനുസ്മരണം നമുക്ക് വലിയ പ്രചോദനമാകണം.

ആദിമ ക്രൈസ്തവരുടെ ജീവിതസാക്ഷ്യങ്ങളുടെ അനുസ്മരണത്തോടൊപ്പം ഈ കാലം അനുതാപത്തിനുള്ള ആഹ്വാനവും നല്കുന്നതായി ഗീതങ്ങളിലുടനീളം കാണാം. ഇസ്രായേൽ തീവ്രമായ യഹോവാനുഭവം മറന്ന് അവിശ്വസ്തതയുടെ പാതയിൽ ചരിച്ചതുപോലെ ആദ്യനൂറ്റാണ്ടുകൾ കഴിഞ്ഞ് സഭാംഗങ്ങൾ സുരക്ഷിതത്വമനുഭവിക്കാൻ തുടങ്ങിയപ്പോൾ മന്ദോഷ്ണരായി. അതുകൊണ്ട് പാപജീവിതം പാടെ ഉപേക്ഷിച്ച് അനുതപിക്കുവാനും കർത്താവിന്റെ കരുണ യാചിക്കാനും



അവർണ്ണനീയമായ ശക്തിയുള്ള സ്ലീവായിൽ അഭയംതേടുന്നവർ നിരാശരാവില്ല.

പ്രാർത്ഥനാഗീതങ്ങൾ ആവർത്തിച്ച നുസ്മരിപ്പിക്കുന്നു. പ്രായശ്ചിത്തപ്രവൃത്തികളിലൂടെ ദൈവകാരുണ്യത്തിനർഹമാകത്തക്ക രീതിയിൽ വ്യാപരിക്കുവാനും പരിശുദ്ധമായി ജീവിക്കാനും സഭ നല്കുന്ന അനുശാസനം നാം കൈക്കൊള്ളേണ്ടതുണ്ട്. പാപപരിഹാരം നമ്മുടെ മരണശേഷം അസാദ്ധ്യമാണല്ലോ? അതുകൊണ്ട് ഈ ലോകജീവിതത്തിൽതന്നെ വിശുദ്ധീകരണം നേടിയെടുക്കുവാൻ നമുക്കുള്ള ഉത്തരവാദിത്വം ഈ കാലം പ്രത്യേകം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്.

കൈത്താക്കാലത്തിന്റെ തുടർച്ചയായി ഏലീയാസ്ലീവാമൂശെക്കാലത്തെ കാണുന്നതിൽ തെറ്റില്ല. ശ്ലീഹന്മാരുടെയും രക്തസാക്ഷികളുടെയും സഭാപിതാക്കന്മാരുടെയും പ്രവർത്തനങ്ങളിലൂടെ വളർച്ചപ്രാപിച്ച സഭ അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നതിന്റെ അനുസ്മരണമാണ് ഈ കാലത്തിൽ അവസാനവിധിയിലൂടെ ശിഷ്ടരുടെയും ദുഷ്ടരുടെയും ഭാഗധേയം നിർണ്ണയിക്കപ്പെടുന്ന രംഗമാണ് കാലത്തിന്റെ പ്രധാന ചിന്താവിഷയം. ലോകാവസാനം നാശപുത്രന്റെ വരവ്, മനുഷ്യപുത്രന്റെ പ്രത്യക്ഷീകരണം എന്നിവയാണ് ഈ കാലത്തിൽ പരാമർശിക്കപ്പെടുന്ന വിഷയങ്ങൾ.

പ്രവാചകന്മാരിൽ അഗ്രഗണ്യനായിരുന്ന ഏലിയാ രണ്ടാമതും വരും; ഭിന്നിച്ചു നില്ക്കുന്നവരെ ഒന്നിപ്പിച്ച്, ദുഷ്ടശക്തികൾക്കെതിരെ പോരാടി തിന്മ പ്രവർത്തിച്ചവരുടെ തെറ്റ് മനസ്സിലാക്കിക്കൊടുത്ത് ദൈവരാജ്യം പുനസ്ഥാപിക്കും എന്നത് യഹൂദജനതയുടെ പ്രതീക്ഷയായിരുന്നു. മരിച്ചവരുടെ പ്രതിനിധിയായി മോശയും ജീവിക്കുന്നവരുടെ പ്രതിനിധിയായി ഏലിയായും മഹത്വപൂർണ്ണനായി ലോകാവസാനത്തിൽ വരുന്ന മ്ശിഹായെ അനുഗമിക്കുമെന്ന വിശ്വാസത്തിന്റെ മുൻകൂട്ടിയുള്ള അനുഭവമാണ് താബോറിലെ രൂപാന്തരീകരണവേളയിൽ സഭ കാണുന്നത്. ഈ കാലഘട്ടത്തിൽ ഈ ക്രിസ്തുസംഭവം പ്രത്യേകം അനുസ്മരിക്കപ്പെടുന്നു. യുഗാന്ത്യത്തിലേക്ക് ഉറ്റുനോക്കുന്ന സഭയുടെ സജീവാംഗങ്ങളായി അവസാന കാലഘട്ടം ചിന്താവിഷയമാക്കാനും ഉചിതമായി ജീവിതം ക്രമീകരിക്കുവാനും ഈ കാലത്തിന്റ ആചരണം നമ്മെ പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു.

ഈ കാലത്തിലെ പ്രധാന ആഘോഷം സെപ്തംബർ 14 ന് വരുന്ന വി. കുരിശിന്റെ പ്രതിഷ്ഠയുടെ തിരുനാളാണ്. കോൺസ്റ്റന്റയിൻ ചക്രവർത്തിക്കുണ്ടായ വി. കുരിശിന്റെ ദർശനം, കുരിശിന്റെ ശക്തിയാൽ വന്ന വിജയം കുരിശു കണ്ടെത്തൽ, ആകാശത്തു പ്രത്യക്ഷമായ കുരിശ്, കുരിശിന്റെ മഹത്ത്വവും ശക്തിയുമെല്ലാം ഈ തിരുനാളിന്റെ ആവിർഭാവത്തിനു പിന്നിലുണ്ട്. ഏലിയായോടും മൂശയോടുംകൂടെ പ്രത്യക്ഷപ്പെട്ട മഹത്ത്വപൂർണ്ണനായ ഈശോയെ, കുരിശുവണക്കത്തിലൂടെ സഭ അനുസ്മരിക്കുന്നു. സാത്താന്റെ കെണികളിൽനിന്ന്, നാശപുത്രനിൽനിന്ന്, കുരിശ് അതിന്റെ തണലിൽ അഭയം തേടുന്നവരെ രക്ഷിക്കും എന്ന വിശ്വാസം ആദിമ സഭയിൽ സജീവമായുണ്ടായിരുന്നു. ജീവന്റെ അടയാളമാണത്. അവർണ്ണനീയമായ ശക്തിയുള്ള സ്ലീവാ യിൽ അഭയംതേടുന്നവർ നിരാശരാവില്ല. വാളും പരിചയുമല്ല ക്രിസ്ത്യാനികളുടെ ശക്തി, പ്രത്യുത കുരിശാണ് സഭാസന്താനങ്ങളുടെ അഭയകേന്ദ്രം. മ്ശിഹായെ അപമാനിച്ച അതെ കുരിശുതന്നെയാണ് സാത്താനെ പരാജയപ്പെടുത്താനുള്ള ഉത്തമമാർഗ്ഗം. കുരിശിനെ വണങ്ങുന്നവർക്ക് സ്വർഗ്ഗീയ സന്തോഷം കരഗതമാകും. അതോടൊപ്പം അനുതാപാത്മകമായ ഒരു ജീവിതം നയിക്കാനും ഈ കാലത്തെ പ്രാർത്ഥനകളും ഗീതങ്ങളും നമ്മെ അനുസ്മരിപ്പിക്കുന്നു.


ക്രിസ്തീയ ജീവിതം വലിയ പ്രതീക്ഷയുടെ ജീവിതമാണല്ലോ? ഈ പ്രതീക്ഷ പൂവണിയുന്ന യുഗാന്ത്യത്തിലേയ്ക്ക് സഭയോടൊത്ത് ഈ കാലഘട്ടങ്ങളിലൂടെ നമുക്ക് ഉറ്റുനോക്കാം. ലോകത്തിലാണെങ്കിലും വെറും ലൗകായികരായി ജീവിക്കാതെ ക്രൂശിലൂടെ മഹത്ത്വപൂർണ്ണനായ ക്രിസ്തുവിലേക്ക് നടന്നടുക്കുവാൻ ഈ കാലത്തിനൊത്ത ചൈതന്യത്തിൽ ജീവിച്ച്, നമുക്കും ഉത്സാഹിക്കാം.

**അവലംബം**

1. റവ. ഡോ. ജോൺ മൂലൻ
പൗരസ്ത്യ സുറിയാനി സഭാകലണ്ടർ
(ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് പബ്ലിക്കേഷൻസ്, കോട്ടയം, 2005)
2. റവ. ഡോ. ചാൾസ് പൈങ്ങോട്ട് സി.എം.ഐ., ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിലിജിയസ് സ്റ്റഡീസ്, കോട്ടയം, 2001
3. "തിരുമൊഴി ഞായറാഴ്ചകളിൽ"
(സെന്റ് ജോസഫ് പ്രസ് മാങ്ങാനം)

ഞായറാഴ്ച ആചരണത്തെക്കുറിച്ച് ഒന്ന് വ്യക്തമാക്കാമോ?
പള്ളിയിൽപോകാതെ ടി.വിയിൽ വി. കുർബാന കാണുന്നതിന്റെ
ധാർമ്മികത എന്താണ്?

മേഴ്സി കൈപ്പനാനിക്കൽ, എലിക്കുളം



# കർത്തൃദിനത്തിന്റെ മഹത്ത്വം

• സി. കൊച്ചുത്രേസ്യാ ചേലക്കുന്നേൽ SST

തന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച ദൈവം (ഉല്പ 1:26) അവൻ എന്നും തന്നോടുകൂടി വസിക്കണമെന്ന് അതിയായി ആഗ്രഹിച്ചു. പക്ഷേ ദൈവകല്പന നിരസിച്ചു പാപം ചെയ്തു തന്നിൽനിന്ന് ഓടിയകന്ന മനുഷ്യനെ വീണ്ടെടുത്തു രക്ഷിക്കാൻ ദൈവമായ കർത്താവ് അനാദികാലം മുതലേ പരിശ്രമിച്ചു. എല്ലാ ജനപദങ്ങളിലും വച്ച് തനിക്ക് ഏറ്റവും പ്രിയപ്പെട്ട തന്റെ സ്വന്തം ജനമായി (പുറ 19:5-6) ഇസ്രായേൽ ജനത്തെ തിരഞ്ഞെടുത്തവനായ ദൈവം തന്നെ ആരാധിക്കുവാനും മഹത്ത്വപ്പെടുത്തുവാനും അവനോടാവശ്യപ്പെടുന്നു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ അവിടുന്ന് തന്നെ ആരാധിക്കാനും തനിക്കായി ബലികൾ സമർപ്പിക്കുവാനും തന്റെ ജനത്തെ വിട്ടുതരണമെന്ന് മൂശവഴിയായി ഫറവോയോടാവശ്യപ്പെടുന്നു (പുറ 3:19-20).

ഇസ്രയേൽ ജനത്തിന്റെ ഇടയിൽ വാഗ്ദാന പേടകത്തിലും സോളമൻ രാജാവ് നിർമ്മിച്ച ജറുസലേം ദൈവാലയത്തിലും അവിടുന്ന് അവരോടുകൂടെ വസിച്ചു. അങ്ങനെ താൻ നിരന്തര ആരാധനാസ്തുതികൾക്ക് യോഗ്യനാണെന്ന് കാണിച്ചുതന്നു. യഹൂദന്മാരെ സംബന്ധിച്ചിടത്തോളം അവരുടെ സാബത്താചരണം ഏറ്റവും ഉൽകൃഷ്ടമായ ഒന്നായിരുന്നു. സാബത്തു ദിവസം അവർ സിനഗോഗുകളിൽ സമ്മേളിച്ചു മൂശെ അവർക്കായി നൽകിയ നിയമം (തോറാ) വായിക്കുകയും ദൈവം തങ്ങൾക്കായി നൽകിയ വലിയ അനുഗ്രഹങ്ങളെ ഓർത്തു അവിടുത്തെ ആരാധിച്ചു സ്തുതിച്ചു മഹത്ത്വപ്പെടുത്തുകയും ചെയ്തിരുന്നു. ഓരോ യഹൂദനും തന്റെ സാബത്താചരണം വിശുദ്ധവും പരിശുദ്ധവുമായി ആഘോഷിച്ചിരുന്നു. അത് അവന്റെ കടമയും ചുമതലയുമായിരുന്നു. സ്രഷ്ടാവിന്റെ സൃഷ്ടി കർമ്മത്തിൽ പങ്കുചേരുന്നവനായ മനുഷ്യൻ ദൈവത്തെ ആരാധിച്ചു സ്തുതിച്ച് അവിടുന്നിൽനിന്നും കൃപാവരങ്ങൾ ഏറ്റുവാങ്ങേണ്ടവനാണ്. യഹൂദന്മാരുടെ സാബത്താചരണത്തിന്റെ തുടർച്ചതന്നെയാണ് പുതിയ ഇസ്രായേലായ സഭയുടെ ജീവിതത്തിൽ നമുക്കു കാണുവാൻ സാധിക്കുക. വി. ശ്ലീഹന്മാരുടെ പ്രബോധനങ്ങൾ ശ്രവിച്ച് ലോകരക്ഷകനായ ഈശോമിശിഹായെ വിശ്വാസപൂർവ്വം ഏറ്റു പറഞ്ഞ് മാമ്മോദീസാ സ്വീകരിച്ച ആദിമ ക്രിസ്ത്യാനികൾ

ഏവരുംതന്നെ യഹൂദന്മാരായിരുന്നു. പിന്നീട് അവരുടെ സാബത്താചരണം ഞായറാഴ്ച ആചരണത്തിനു വഴിമാറി കൊടുത്തു. അവർ ആഴ്ച തോറും ദൈവാലയങ്ങളിൽ സമ്മേളിച്ചു ദൈവവചനം ശ്രവിച്ചും ബലിയപ്പം ഭക്ഷിച്ചും ദൈവത്തെ ആരാധിച്ചു മഹത്ത്വപ്പെടുത്തിയിരുന്നു.

സഭ ഒരു ശിശുവായി വളർന്നുവന്ന സാഹചര്യത്തിൽ അവൾക്ക് ഒരേ ഒരു ആഘോഷമേ ഉണ്ടായിരുന്നുള്ളൂ. അത് അവളുടെ നാഥന്റെ കല്പന പ്രകാരമുള്ള (ലൂക്കാ 22:19) ഞായറാഴ്ച ആചരണമായിരുന്നു. വിശ്വാസികളുടെ സമൂഹം ഒരേ ആത്മാവും ഒരേ മനസ്സുമായി കർത്താവിന്റെ ബലിയർപ്പണ ശുശ്രൂഷയിൽ ഒരുമിച്ച് ഭാഗഭാക്കുകൾ ആകുമായിരുന്നു. വി. മാമ്മോദീസാ ജലം ശിരസ്സിൽ വീണ എല്ലാ ക്രിസ്ത്യാനികളുടെയും ഏറ്റവും വലിയ ഉത്തരവാദിത്വമാണ് ഞായറാഴ്ച ആചരണവും അതനുസരിച്ചുള്ള ജീവിത നവീകരണവും. ഓരോ ഞായറാഴ്ച ആചരണവും സ്വർഗ്ഗത്തിൽ ഒരുവൻ പങ്കുചേരുവാനിരിക്കുന്ന നിത്യവും ശാശ്വതവുമായ ആരാധനയുടെ മുൻ ആസ്വാദനം ആണ്. വി. കുർബാനയർപ്പണം സഭയുടെ ഏറ്റവും വലിയ ആരാധനയും ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ കേന്ദ്രവുമാണ് (SC 10). വി. മദ്ബഹായിലെ ബലിപീഠത്തിൽ ബലിയും വിരുന്നുമായി മാറുന്ന ഈശോയുടെ ശരീരരക്തങ്ങൾ ആണ് ഓരോ ക്രിസ്ത്യാനിയുടെയും അനുദിന ജീവനും ശക്തിയും.

ആധുനിക യുഗത്തിൽ, മാധ്യമങ്ങളുടെ ലോകത്തു ജീവിക്കുന്ന വിശ്വാസികളായ നമുക്ക് ഇന്ന് പലതിനും സമയമില്ല. എന്തിന് ഏറെ പറയണം. TV ഒന്ന് ON ചെയ്താൽ മതി വി. കുർബാനയർപ്പണം ടി.വി.യിലൂടെ 'കാണാൻ' സാധിക്കും. ടി.വി. പോലുള്ള മാധ്യമത്തിലൂടെ വി.കുർബാന കാണുന്നവരോട് ഒന്നു ചോദിച്ചുകൊള്ളട്ടെ ടി.വി. നിങ്ങൾക്ക് കർത്താവിന്റെ തിരുശരീരവും തിരുരക്തവും കൊണ്ടുവന്നുതരുമോ?

എന്തിനാണ് ഈശോ വി. കുർബാന എന്ന കൂദാശ സ്ഥാപിച്ചത്? അത് അവന് നമ്മോടുള്ള അതിരറ്റ സ്നേഹം പ്രകടിപ്പിക്കാൻ വേണ്ടിയായിരുന്നു. **എന്താണ് വി. കുർബാനയർപ്പണവേളയിൽ സംഭവിക്കുക? നമ്മൾ കർത്താവിലും, കർത്താവ് നമ്മിലും പരസ്പരം അലിഞ്ഞു ചേരുകയാണ് ചെയ്യുന്നത്. തന്റെ ശരീരരക്തങ്ങൾ നമുക്കു ഭക്ഷണപാനീയങ്ങൾ ആയി നൽകുന്നതിലൂടെയാണ് ഈ അലിഞ്ഞുചേരൽ നമ്മിൽ സംഭവിക്കുക.** ഇപ്രകാരമുള്ള പരസ്പരം നൽകലിലൂടെ അവിടുന്ന് നമ്മെ മഹത്വമുള്ള പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹകൂട്ടായ്മയിലേയ്ക്ക് നയിക്കുകയും അവന് നമ്മോടുള്ള സ്നേഹം കാട്ടിത്തരുകയും, അവനെ ആഗ്രഹിക്കുന്നവർക്ക് അവനെ കാണാനും, സ്പർശിക്കാനും, അനുഭവിക്കുവാനും അവസരം നൽകുകയും ചെയ്യുന്നു. ഈ ദിവ്യമായ അവസരങ്ങൾ അല്ലേ നമ്മൾ ടി. വി.യ്ക്കു മുൻപിൽ തപസിരുന്നു നഷ്ടമാക്കികളയുന്നത്? കർത്താവിന്റെ തിരുശരീരരക്ത സ്വീകരണം സാധ്യമാക്കാത്ത, മാധ്യമങ്ങളിലൂടെയുള്ള കുർബാന 'കാണൽ' അതിൽതന്നെ അപൂർണ്ണമാണ്.

ലോകചരിത്രത്തിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ നമുക്കു കാണാൻ സാധിക്കും ഈശോയെ കൂടുതൽ ആഴത്തിൽ അനുഭവിച്ചറിയുവാൻ ഇറങ്ങിത്തിരിച്ച പല സന്ന്യാസികളും അവരുടെ ജീവിതത്തിൽ ഞായറാഴ്ച ആചരണത്തിനു നൽകിയിരുന്ന വില. അവർക്ക് എല്ലാദിവസവും വി. കുർബാനയർപ്പിക്കാൻ അവസരം ഉണ്ടായിരുന്നില്ല. ആയതിനാൽ ഞായറാഴ്ച ആകുവാൻ അവർ കാത്തിരിക്കുകയും അതിനായി നന്നായി ഒരുങ്ങി കർത്താവിന്റെ ബലിയർപ്പണത്തിൽ പങ്കുചേർന്ന് ആ ആഴ്ചയിലെ മറ്റു ദിനങ്ങളിലേയ്ക്കുള്ള ശക്തിയും ഊർജ്ജവും വി. കുർബാനയർപ്പണത്തിൽനിന്നും സ്വാംശീകരിക്കുകയും ചെയ്തിരുന്നു. കർത്താവിന്റെ ഉത്ഥാനത്തിന്റെ ആചരണമായ ഞായറാഴ്ച ആചരണം ഓരോ ക്രിസ്ത്യാനിയുടെയും അസ്തിത്വത്തിന്റെയും നിലനിൽപ്പിന്റെയും ആഘോഷമാണ്. 'കർത്താവിന്റെ ദിവസം' എന്ന ചാക്രിക ലേഖനത്തിലൂടെ ഈ കാര്യം തന്നെയാണ് ജോൺ പോൾ രണ്ടാമൻ മാർപാപ്പാ നമ്മോടു പറയുന്നതും.

തിരക്കിട്ട ഇന്നിന്റെ ദിനങ്ങളിൽ ഏവരും നല്ല ഒരു ജീവിതം കരുപ്പിടിപ്പിക്കാൻ അക്ഷീണം യത്നിക്കുന്നു. കൂടുതൽ ധനം സ്വരൂപിക്കാൻ ഞായറാഴ്ചകളിലെ കുർബാനപോലും മാറ്റിവയ്ക്കാൻ പരിശ്രമിക്കുന്ന ക്രിസ്ത്യാനികൾക്ക് ദൈവാലയത്തിൽ പോയി പ്രാർത്ഥിക്കാനോ സ്വയം ആത്മപരിശോധന ചെയ്യാനോ സമയമില്ല. പള്ളിയിൽ പോയി കുർബാനയർപ്പണത്തിൽ പങ്കെടുക്കാൻ സാധി

ജീവിതമാകുന്ന മരുഭൂമിയിലൂടെ വിശ്വാസത്തിന്റെ തീർത്ഥാടനം നടത്തുന്ന വിശ്വാസിയുടെ പാഥേയമാണ് വി. കുർബാന.

ക്കാത്ത ഇവർ ടി.വി.യിലും ഇന്റർനെറ്റിലും 'മാസ്സ്' തിരയുന്നവരായി മാറിയിരിക്കുന്നു. ഇതല്ല ശരിയായുള്ള ബലിയർപ്പണം എന്ന് ഇവർ ഒന്നു മനസ്സിലാക്കിയിരുന്നു എങ്കിൽ!

സഭയെ സഭയാക്കി തീർക്കുന്നത് അവളുടെ ആരാധനയാണ്. ദൈവജനം ഒന്നുചേർന്ന് സഭയുടെ ആരാധനയിൽ പങ്കെടുക്കുവാൻ വിളിക്കപ്പെട്ടവർ ആണ്. സഭയുടെ ആരാധനയുടെ കേന്ദ്രബിന്ദുവായി നിലകൊള്ളുന്നത് അവളുടെ മദ്ബഹായിലർപ്പിക്കുന്ന വി. കുർബാനയർപ്പണമാണ്. ഈ ബലിയർപ്പണത്തിൽ ഇടവകാംഗങ്ങളെല്ലാവരും ഒരേ മനസ്സോടെ ഒന്നുചേരുന്നില്ലെങ്കിൽ 'സഭയെ സഭയാക്കിത്തീർക്കുക' എന്ന ലക്ഷ്യവും ഫലപ്രാപ്തിയിലെത്താതെ പോകും.

ഞായറാഴ്ച തോറുമുള്ള ബലിയർപ്പണത്തിലൂടെയും പ്രബോധനങ്ങളിലൂടെയും ക്ലാസ്സുകളിലൂടെയും വി.കുർബാനയർപ്പണത്തിന്റെ ആവശ്യകത ദൈവജനത്തിനു ബോധ്യമാക്കിക്കൊടുക്കാൻ സഭാനേതാക്കന്മാർ കടപ്പെട്ടവരാണ്. ഓരോ ഇടവക സമൂഹങ്ങളിലുമുള്ള വിവിധ സംഘടനകളിലൂടെ നൽകുന്ന പ്രബോധനങ്ങൾ സഭയുടെ ഞായറാഴ്ച ആചരണത്തിന്റെ പ്രസക്തിയും മനോഹാരിതയും വിശ്വാസികൾക്ക് അനുഭവപരമായി മാറത്തക്കതാകണം. ഈ അനുഭവം ഓരോ വിശ്വാസിക്കും വ്യക്തിപരമായി ഉണ്ടാകേണ്ടതാണ്.

ഓരോ വിശുദ്ധ കുർബാനയർപ്പണത്തിലൂടെയും ഈശോ നമ്മെ അവന്റെ ശരീരമാക്കി മാറ്റുന്നു. അവൻ നമുക്കായി സ്വന്തം ശരീരം നൽകുന്നു. ഭൗതികശരീരത്തിന്റെ പോഷണത്തിനു ഭക്ഷണം എപ്രകാരമാണോ അപ്രകാരംതന്നെയാണ് നമ്മുടെ ആത്മാവിന്റെ പോഷണത്തിനു വേണ്ട ഭക്ഷണവും. അത് വി. കുർബാനയാണ്. അത് ജീവന്റെ അപ്പമാണ്. ആയതിനാൽ തികഞ്ഞ വിശ്വാസത്തോടും അർഹതയോടുംകൂടി വി. കുർബാന സ്വീകരിക്കുന്നവർക്ക് പാപമോചനവും നിത്യജീവനും ആത്മശരീരസംരക്ഷണവും ലഭിക്കുന്നു. ഈശോമിശിഹായുടെ ശരീര രക്തങ്ങൾ നമ്മുടെ നിലനിൽപ്പിന് പോഷണം നൽകുകയും നമ്മെ പരിശുദ്ധരാക്കി മാറ്റുകയും ചെയ്യുന്നു.

ജീവിതമാകുന്ന മരുഭൂമിയിലൂടെ വിശ്വാസത്തിന്റെ തീർത്ഥാടനം നടത്തുന്ന വിശ്വാസിയുടെ പാഥേയമാണ് വി.കുർബാന. താളംതെറ്റിയ ജീവിതങ്ങൾക്ക് ഈണമായും കയ്പ്പുനിറഞ്ഞ ജീവിതാനുഭവങ്ങളിൽ മധുരമായും സൗന്ദര്യം നഷ്ടപ്പെട്ട ജീവിതങ്ങൾക്ക് ആത്മീയ സൗന്ദര്യമായും വി. കുർബാനയിൽ ഈശോ കടന്നുവരുന്നു. ആയതിനാൽ നമുക്ക് മാധ്യമങ്ങൾ വിട്ട് അൾത്താരമുമ്പിൽ അഭയം തേടാം. **മാധ്യമങ്ങൾ നമുക്ക് ഒരിക്കലും ദിവ്യകാരുണ്യ ഈശോയെ തരികയില്ല.** ക്രൈസ്തവ ജീവിതത്തിന്റെ കാന്തിക ധ്രുവസ്രോതസ്സായി നിലകൊള്ളുന്ന നമ്മുടെ കർത്താവിന്റെ ബലിവേദിക്കരുകിൽ ജീവിതമാകുന്ന കൂടുകൂട്ടാൻ ഓരോ വിശ്വാസിക്കും കഴിയണം. ബോധപൂർവ്വം വേണ്ടത്ര ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടുംകൂടി വി. കുർബാനയിൽ പങ്കുചേർന്ന് അതിനെ നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റാനും നമ്മുടെ ജീവിതങ്ങൾ വി.കുർബാനയാകുന്ന ഞായറാഴ്ച ആചരണമാകുന്ന പെസഹാനുഭവത്തിന്റെ ഭാഗമാക്കി മാറ്റാനും ബോധപൂർവ്വം പരിശ്രമിച്ചുകൊണ്ട് നമുക്ക് ജീവിത സാക്ഷാത്ക്കാരം നേടാനായി പരിശ്രമിക്കാം.

ഈ ലക്കം മുതൽ ബൈബിൾ-ദൈവശാസ്ത്ര-ആരാധനക്രമസംബന്ധമായ സംശയങ്ങൾക്ക് മറുപടി നല്കുന്ന പംക്തി ആരംഭിക്കുന്നു.
നിങ്ങളുടെ സംശയങ്ങൾ അയയ്ക്കേണ്ട വിലാസം:

**എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ**
**സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം - 18**

കുടുംബവേദി....



# അനുഗ്രഹമോ ശാപമോ?

● ഫാ. സിറിയക് കോട്ടയിൽ

തന്റെ ഊഴവും കാത്ത് എന്റെ കൗൺസിലിങ് സെന്ററിന്റെ വരാന്തയിലെ കസേരയിൽ ഇരിക്കുന്ന സ്ത്രീയെ ഞാൻ ശ്രദ്ധിച്ചു. ഏതാണ്ട് അറുപതിനടുത്തു പ്രായം തോന്നിക്കുന്ന ആ സ്ത്രീയെ മുമ്പെങ്ങോ ഞാൻ കണ്ടിട്ടുണ്ട്. എവിടെ വെച്ചാണെന്ന് ഓർക്കുന്നില്ല. ക്ഷീണപ്രകൃതി. അസ്വസ്ഥതയും പരിഭ്രാന്തിയും നിറഞ്ഞ മുഖഭാവം. മുറിയിലേക്ക് കടന്നുവന്ന് ഞാൻ ചൂണ്ടിക്കാണിച്ച കസേരയിൽ അവർ ഇരുന്നു.

"പേര്?"

"റോസിലി"

"വീട്"

"കുറേ ദൂരത്താ"

"കൂടെ ആരെങ്കിലും"

"ഇല്ല..."

ഞങ്ങളുടെ സംസാരം അങ്ങനെ മുന്നോട്ടുപോയി. ഭർത്താവു തോമസ്. മുപ്പതു വർഷങ്ങൾക്കുമുമ്പു നടന്ന വിവാഹം. മക്കൾ രണ്ടുപേർ-മകനും മകളും. രണ്ടുപേരുടെയും വിവാഹം നടന്നിട്ടില്ല. മകൾക്ക് ജോലിയില്ല. ജോലി കിട്ടാൻ മാത്രം പഠിച്ചതുമില്ല. മകൻ സുനിൽ സിറ്റിയിലെ ഒരു പലചരക്കു കടയിൽ സെയിൽസ്മാനാണ്. ഭാര്യയും ഭർത്താവും രണ്ടു തട്ടിലാണ്. ഇന്നലെ അങ്ങനെ ആയതല്ല. വിവാഹത്തിന്റെ ആരംഭംമുതൽ അങ്ങനെയാ... അന്യോന്യം ശാപമായിക്കണ്ട് തട്ടിത്തെറിപ്പിച്ച ബന്ധം.

അന്യോന്യം ആദരവോടെ അനുഗ്രഹമായി കാണേണ്ട ഭാര്യാഭർത്താക്കന്മാർ ശാപമായി കണ്ടുതുടങ്ങിയാൽ ആ ബന്ധം എവിടെപ്പോയി നിൽക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് റോസിലിയുടെയും തോമസിന്റെയും വൈവാഹിക ബന്ധം. അന്യോന്യം അടുക്കുവാൻ സ്നേഹം തോന്നേണ്ടതിനുപകരം പരസ്പരം അകലുവാൻ അവർക്കിരുവർക്കും തോന്നിയത് വെറുപ്പാണ്. അനുഗ്രഹമായി ഭാര്യാഭർത്താക്കന്മാർക്ക് ഇരുവർക്കും പരസ്പരം കാണാൻ കഴിഞ്ഞാൽ ഒരാൾ അപരന്റെ സാന്നിധ്യം അതിയായി കൊതിക്കും. അനുഗ്രഹത്തെ നാം കൂടെ കൊണ്ടുനടക്കാൻ ആഗ്രഹിക്കാറില്ലേ? ശാപമായി അന്യോന്യം കണ്ടു തുടങ്ങിയാൽ ഒഴിവാക്കാനും വെറുക്കാനുമേ തോന്നൂ. ശാപത്തെ വെറുക്കാത്ത ആരാണ് നമ്മുടെ ഇടയിലുള്ളത്.

ദൈവകരങ്ങളിൽനിന്നും ഭാര്യാഭർത്താക്കന്മാർ ഏറ്റുവാങ്ങുന്ന ഏറ്റവും വലിയ അനുഗ്രഹമാണ് ജീവിതപങ്കാളി. ഭാര്യാഭർത്താക്കന്മാർ പരസ്പരമുള്ള സാമീപ്യം അനുഭവിച്ച് ദൈവസ്നേഹാനുഭവം ഏറ്റുപറയണം. തന്റെ ജീവിതപങ്കാളി തന്റെ


സ്നേഹസാമീപ്യത്താൽ ദൈവത്തെ സ്തുതിക്കാൻ ഇടയാവണമെന്ന് ഓരോ ഭാര്യയ്ക്കും ഭർത്താവിനും നിർബന്ധമുണ്ടാകണം. തന്റെ ജീവിത പങ്കാളിക്ക് ദൈവസ്നേഹം അതിന്റെ പൂർണ്ണതയിൽ എത്തിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്വം തനിക്കുണ്ടെന്ന് ഇരുവർക്കും തോന്നണം.

> സുഹൃത്തേ, നിന്റെ 'ജീവിതപങ്കാളിയെ' അബദ്ധമായല്ല അനുഗ്രഹമായി കാണുക. അവിടെ ദൈവം അനുഗ്രഹങ്ങളുടെ വർഷം നിന്നിലേക്കും നിന്റെ കുടുംബത്തിലേക്കും ചൊരിയും.

തോമസിന്റെയും റോസിലിയുടെയും അനൈക്യംമൂലം തകർന്നപോയ വേറെ രണ്ടു ജീവിതങ്ങളുണ്ട് ആ വീട്ടിൽ. മനസ്സു ചേർക്കാതെ ജഡം ജഡത്തോടു ചേർത്തപ്പോൾ രൂപംകൊണ്ട രണ്ടു മനുഷ്യർ. മക്കൾ രണ്ടുപേരെയും തോമസും റോസിലിയും മറന്നുകളഞ്ഞു. മക്കൾ പഠിച്ചില്ല. ഉയരേണ്ടതുപോലെ ഉയർന്നുമില്ല. അശ്രദ്ധയും അഹന്തയുംമൂലം തങ്ങളുടെ മക്കളുടെ ജീവിതം തകർത്തുകളയുന്ന എത്രയോ മാതാപിതാക്കളുണ്ട് നമ്മുടെ ഇടയിൽ. ദൈവം കണക്കു ചോദിക്കുമ്പോൾ എന്തെങ്കിലും ന്യായീകരണമോ വിശദീകരണമോ നൽകാൻ അവർക്കാകുമോ?

കുട്ടിക്കാലത്തെ 'നിധി കണ്ടെത്തൽ' എന്ന കളി ഓർമ്മവരുന്നു. കുട്ടികളെല്ലാം കൂടിയും ഒറ്റയ്ക്കും നടന്ന് നിധി തിരയും. മണ്ണിനടിയിലോ, മരപ്പൊത്തിലോ മറ്റെവിടെയെങ്കിലുമോ മറച്ചുവെച്ച 'നിധി' മിടുക്കന്മാർ കണ്ടെത്തുന്നു. ഭാര്യക്കുവേണ്ടി ഭർത്താവാകുന്ന 'നിധി'യും ഭർത്താവിനുവേണ്ടി ഭാര്യയാകുന്ന 'നിധി'യും ദൈവം മറച്ചുവെയ്ക്കുന്നു. ആ 'നിധി' അവർ ഇരുവരും പ്രാർത്ഥനയ്ക്കും, പഠനത്തിനും ഏറെക്കാലത്തെ തിരച്ചിലിനുംശേഷം കണ്ടെത്തുന്നു. തന്റെ പങ്കാളിയെത്തന്നെ കണ്ടെത്താനുള്ള ഏതോ ഒരു സിദ്ധി ദൈവം ഇരുവരിലും നിക്ഷേപിക്കുന്നു.

സുഹൃത്തേ, നിന്റെ ജീവിതപങ്കാളിയെ' അബദ്ധമായല്ല അനുഗ്രഹമായി കാണുക. അവിടെ ദൈവം അനുഗ്രഹങ്ങളുടെ വർഷം നിന്നിലേക്കും നിന്റെ കുടുംബത്തിലേക്കും ചൊരിയും. പരാതി പറഞ്ഞും പരിഭവപ്പെട്ടും നടന്നാൽ പാതിവഴി പോലും എത്തില്ല നിന്റെ വിവാഹജീവിതം. പതിതരിലും പാവപ്പെട്ടവരിലും ദൈവം അനുഗ്രഹങ്ങളുടെ മഴ പെയ്യണമെങ്കിൽ ഈ വഴിയല്ലാതെ മറ്റൊന്നില്ല.



# ശുശ്രൂഷാപൗരോഹിത്യവും വിശുദ്ധിയിലേക്കുള്ള വിളിയും

**(വൈദികവർഷാചരണം, 2009 ജൂൺ 19–2010 ജൂൺ 19)**

● **ഫാ. മാത്യു വെള്ളാനിക്കൽ**

ആത്മീയ നവീകരണത്തോടുള്ള വൈദികരുടെ പ്രതിബദ്ധത ആഴപ്പെടുത്തി ഇന്നത്തെ ലോകത്തിൽ സുവിശേഷത്തിന് ശക്തമായ സാക്ഷ്യം നല്കിക്കൊണ്ട് പുരോഹിതശുശ്രൂഷ കൂടുതൽ ഫലപ്രദമാക്കിത്തീർക്കുക എന്ന ലക്ഷ്യവുമായി വൈദികവർഷം ആചരിക്കുമ്പോൾ ക്രിസ്തീയ പൗരോഹിത്യത്തിന്റെ ഉറവിടത്തേയും വി. ഗ്രന്ഥാധിഷ്ഠിതമായ പുരോഹിതശുശ്രൂഷയുടെ സ്വഭാവത്തേയുംകുറിച്ചുള്ള ഒരു വിശകലനം.



## മിശിഹാ ഏക പുരോഹിതൻ

ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലുള്ള ഏക മദ്ധ്യസ്ഥനായ, നിത്യപുരോഹിതനായ ഈശോമിശിഹായെ സൂചിപ്പിക്കാൻ വേണ്ടി മാത്രമാണ് പുതിയ നിയമത്തിൽ 'പുരോഹിതൻ' എന്ന വാക്ക് ഉപയോഗിക്കുന്നത്. സഭാശുശ്രൂഷകരെ സൂചിപ്പിക്കാൻ ഈ വാക്ക് പുതിയനിയമത്തിൽ ഉപയോഗിക്കാത്തത്തിനു കാരണമായി മനസ്സിലാക്കേണ്ടത് ഇതാണ്: ഈശോമിശിഹാ മാത്രമാണ് പുതിയനിയമ പുരോഹിതൻ. അതുകൊണ്ട് ക്രൈസ്തവപുരോഹിതരെല്ലാം പ്രധാന പുരോഹിതനും (ഹെബ്രാ 2,17–18), ഉന്നതപുരോഹിതനും (ഹെബ്രാ 3,1), ശ്രേഷ്ഠപുരോഹിതനും (ഹെബ്രാ 4,14) ആയ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്നവർ മാത്രമാണ്.

## പുരോഹിത ദൗത്യനിർവ്വഹണം ആദിമസഭയിൽ

പാപമോചകനായി ലോകത്തിലേക്ക് കടന്നുവന്ന മിശിഹാ തന്റെ ഈ പുരോഹിതശുശ്രൂഷ സഭയിൽ തുടരുവാനുള്ള ദൗത്യം ശ്ലീഹന്മാരെ ഭരമേല്പിച്ചു. "... പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു. ഇതു പറഞ്ഞിട്ട് അവരുടെമേൽ നിശ്വസിച്ചുകൊണ്ട് അവരോട് അരുളിച്ചെയ്തു'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോട് ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും" (യോഹ 20,21–23).

## ശിഷ്യത്വവും ശ്ലൈഹികത്വവും

"പ്രഭാതമായപ്പോൾ അവൻ ശിഷ്യന്മാരെ വിളിച്ച് അവരിൽ നിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് 'ശ്ലീഹന്മാർ' എന്നു പേരുവിളിച്ചു" (ലൂക്കാ 6,13). ഈശോയ്ക്ക് ശിഷ്യഗണങ്ങളായി അനേകരുണ്ടായിരുന്നു. അവരിൽനിന്നുമാണ് "തന്നോടുകൂടെ ആയിരിക്കാനും പ്രസംഗിക്കുന്നതിന് അയയ്ക്കാനും രോഗികളെ സുഖപ്പെടുത്തുന്നതിനും പിശാചുക്കളെ പുറത്താക്കുന്നതിനും അധികാരം നല്കാനും വേണ്ടി അവൻ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തത്" (മർക്കോ 3,14–15). ശിഷ്യനായാലേ ശ്ലീഹായാകാൻ സാധിക്കുകയുള്ളു. കൂടെ ആയിരുന്നാൽ മാത്രമേ അയയ്ക്കപ്പെടാനുള്ള യോഗ്യത നേടുകയുള്ളു. നഷ്ടപ്പെട്ടുപോയ അപ്പസ്തോല

## ക്രിസ്തുശിഷ്യത്വമാണ് പുരോഹിതരുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം.

നുപകരം മത്തിയാസിനെ തിരഞ്ഞെടുക്കുന്ന സന്ദർഭത്തിൽ അപ്പസ്തോലന്മാരുടെ യോഗ്യത എന്തായിരിക്കണമെന്ന് പത്രോസ് ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്:"... നമ്മുടെ കർത്താവായ ഈശോ, യോഹന്നാന്റെ മാമ്മോദീസാ മുതൽ നമ്മിൽനിന്ന് എടുക്കപ്പെട്ട നാൾവരെ നമ്മുടെയിടയിൽ ചെലവഴിച്ച കാലമെല്ലാം നമ്മോടൊപ്പമുണ്ടായിരുന്ന ആളുകളിൽ ഒരാൾ അവന്റെ ഉയിർപ്പിനും നമ്മോടൊപ്പം സാക്ഷ്യം നല്കണം" (നട 1,21-22). അതുകൊണ്ട് ക്രിസ്തുശിഷ്യത്വമാണ് പുരോഹിതരുടെ ആദ്ധ്യാത്മികതയുടെ അടിസ്ഥാനം.

### ശിഷ്യത്വവും പരിപൂർണ്ണതയും

മിശിഹായെ അടുത്തനുഗമിക്കാനുള്ള വിളിയാണ് ശിഷ്യന്മാർക്ക് ലഭിച്ചിട്ടുള്ളത്. ശിഷ്യത്വം പരിപൂർണ്ണതയിലേക്കുള്ള വിളിയാണ്:"നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" (മത്താ 5,48). ഇത് വിശുദ്ധിയിലേക്കുള്ള വിളിയാണ്. മിശിഹാ പുരോഹിതനായി ജന്മംകൊണ്ടത് മാതാവിന്റെ ഉദരത്തിലാണ്. "... പരിശുദ്ധാത്മാവ് നിന്റെമേൽ വരും. ആകയാൽ, ജനിക്കാൻപോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1,35). ഒരു പുരോഹിതന്റെ യോഗ്യത എന്താണെന്ന് ഇത് വ്യക്തമാക്കുന്നുണ്ട്. നിത്യപുരോഹിതനായ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേരുന്ന പുരോഹിതന്റെ അടിസ്ഥാനപരമായ യോഗ്യത പരിശുദ്ധിയാണ്. ഏക മദ്ധ്യസ്ഥനായ മിശിഹായുടെ പൗരോഹിത്യപങ്കാളിയെന്ന നിലയിൽ പുരോഹിതൻ ദൈവത്തിന്റെയും മനുഷ്യരുടെയും ഇടയിലുള്ള പാലമായി വർത്തിക്കുന്നു. ദൈവജനം മുഴുവൻ വിശുദ്ധിയിലേക്കാണ് വിളിക്കപ്പെട്ടിരിക്കുന്നത് (1 തെസ 4,3). അതുകൊണ്ട് ദൈവജനത്തെ നയിക്കുവാൻ നിയുക്തരായിരിക്കുന്ന പുരോഹിതർ അവശ്യം വിശുദ്ധരായിരിക്കണം.

പരിശുദ്ധാത്മാവിന്റെ ആവാസത്താലാണ് മിശിഹാ മനുഷ്യാവതാരം ചെയ്തത്. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടുകൊണ്ടാണ് അവിടുന്ന് തന്റെ രക്ഷണീയകർമ്മം പൂർത്തിയാക്കിയതും. അതുപോലെ, പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ മിശിഹായുടെ പൗരോഹിത്യത്തിൽ പങ്കുചേർക്കപ്പെടുന്ന പുരോഹിതർ അരൂപിയുടെ മനുഷ്യരാകണം. 'പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്' (റോമാ 1,4). അതുകൊണ്ട് പരിശുദ്ധിയിൽ ജീവിച്ചുകൊണ്ട് അരൂപിയുടെ ശുശ്രൂഷ നിർവ്വഹിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരാണ് ക്രൈസ്തവപുരോഹിതർ.


### പുരോഹിതശുശ്രൂഷ അനന്തരതലമുറയിൽ

തങ്ങളുടെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപംകൊള്ളുന്ന വിശ്വാസികളുടെ സമൂഹത്തിൽ സുവിശേഷപ്രഘോഷണമെന്ന ദൗത്യം തുടരുവാൻ കൈവയ്പിലൂടെ ശ്ലീഹന്മാർ തങ്ങളുടെ പിൻഗാമികളെ നിയമിച്ചിരുന്നു (2 തിമോ 1,6). 'ശ്രേഷ്ഠന്മാർ' (പ്രെസ്ബിത്തറോയി) എന്ന പേരിലാണ് ഇങ്ങനെ നിയമിക്കപ്പെടുന്നവർ അറിയപ്പെട്ടിരുന്നത് (അപ്പ 20,17). ഈ ശ്രേഷ്ഠന്മാരുടെ കൈവയ്പിലൂടെയാണ് പുരോഹിതശുശ്രൂഷയ്ക്കുള്ള വ്യക്തികൾ തുടർന്നും നിയമിതരായിരുന്നത്. വി. പൗലോസ് ശ്ലീഹാ തിമോത്തിയോസിന് കൊടുക്കുന്ന നിർദേശത്തിൽ ഇത് വ്യക്തമാണ്:"പ്രവചനപ്രകാരവും സഭാശ്രേഷ്ഠന്മാരുടെ കൈവയ്പാലും നിനക്ക് നല്കപ്പെട്ടിരിക്കുന്ന കൃപാവരം നീ അവഗണിക്കരുത്" (1 തിമോ 4,14). പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ യഥാർത്ഥ പൗരോഹിത്യത്തിന്റെ പദവികൾ കൈവയ്പുവഴി നല്കപ്പെടുന്നു' എന്ന് വി. കുർബാനയിലെ പ്രാർത്ഥനയിലും നാം അനുസ്മരിക്കുന്നുണ്ട്.

മിശിഹായുടെ പൗരോഹിത്യത്തിന്റെ തുടർച്ചയായ ക്രിസ്തീയ പൗരോഹിത്യം സഭാസമൂഹവുമായി അവശ്യം ബന്ധപ്പെട്ടതാണ്. പ്രധാനമായും ത്രിവിധ ശുശ്രൂഷകളിലൂടെയാണ് തങ്ങളുടെ ദൗത്യം പുരോഹിതർ നിർവ്വഹിക്കുന്നത്. സുവിശേഷപ്രഘോഷണത്തിലൂടെ സമൂഹത്തെ വിശ്വസിക്കുന്ന സഭാസമൂഹമായി കെട്ടിപ്പടുത്ത്, അജപാലനശുശ്രൂഷയിലൂടെ സഭയെ കൂട്ടായ്മയായി രൂപാന്തരപ്പെടുത്തി, ആരാധനക്രമശുശ്രൂഷയിലൂടെ സഭയെ ആരാധിക്കുന്നതും പ്രാർത്ഥിക്കുന്നതുമായ സമൂഹമാക്കി മാറ്റി, പഠിപ്പിക്കുക, നയിക്കുക, വിശുദ്ധീകരിക്കുക എന്ന പുരോഹിതധർമ്മങ്ങൾ അവർ നിർവ്വഹിക്കുന്നു.

# സ്വാതന്ത്ര്യം മാനവികതയുടെ സാക്ഷാത്കാരത്തിന്!!!

• ഡോ. മാണി പുതിയിടം



രാഷ്ട്രത്തിന്റെ സ്വാതന്ത്ര്യദിനാചരണം, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ, എട്ടുനോമ്പിനൊരുക്കം തുടങ്ങി ധാരാളം അനുഭവങ്ങളിലൂടെ കടന്നുപോകുന്ന കാലമാണിത്.

സ്വാതന്ത്ര്യം എല്ലാവർക്കും ഹരമാണ്. എന്നാലതു ഉത്തരവാദിത്വത്തിനുള്ള വെല്ലുവിളിയാണെന്നു മറന്നുപോകുന്നു. നമുക്കു ദൈവം നൽകിയ ഏറ്റം വലിയ മഹാദാനമാണ് നമ്മുടെ സ്വാതന്ത്ര്യം. മനഃസാക്ഷിയുടെ ഉൾക്കരുത്താണത്. അതിനാൽ മാനവികതയുടെ സാക്ഷാത്കാരത്തിന് എല്ലാവരുടെയും സ്വാതന്ത്ര്യം നാം ആദരിക്കണം. അപ്പോൾ നാം ഉത്തരവാദിത്വ ചിന്തയുള്ളവരാകും.

നമ്മുടെ ചുറ്റുപാടുകളുടെ ചലനങ്ങൾ നമ്മെ ആഴത്തിൽ ചിന്തിപ്പിക്കേണ്ടതാണ്. തളർന്നുതകരുന്ന മനസ്സുകൾ സ്വയം ജീവത്യാഗം ചെയ്യുന്നതും, ജീവത്യാഗത്തിന് ഒരുമ്പെടുന്നവർ കുടുംബാംഗങ്ങളെ ഒന്നടങ്കം മരണത്തിലേക്ക് തള്ളിവിടുന്നതുമായ സംഭവങ്ങൾ വർദ്ധിക്കുന്നു. പൊക്കിക്കെട്ടിയ ദുരഭിമാനത്തിന്റെ കോട്ടകൾ തകരുമ്പോൾ എല്ലാം അവസാനിപ്പിച്ചേക്കാമെന്ന തീരുമാനത്തിൽ ഒരു കൂസലുമില്ലാതെ ചെന്നുവീഴുന്നു. ഉള്ളിൽ വഹിക്കാൻ വയ്യാത്ത ഭാരവുമായി, ഏകാന്തതയിലും, അന്യതാബോധത്തിലും വീണ് മനസ്സിന്റെ സമനില തെറ്റി മനോരോഗികളാകുന്നവരുടെ എണ്ണം പെരുകുന്നു.

സർവ്വമോഹങ്ങളെയും ഊതിവീർപ്പിക്കുന്ന മാദ്ധ്യമങ്ങളുടെ പ്രചാരണ തന്ത്രത്തിൽ പെട്ട് വികാരനിയന്ത്രണം അസാദ്ധ്യമായി അനുദിനം പൊട്ടിത്തെറികൾ കുടുംബങ്ങളിൽ വളരുന്നു. ഉന്നത സാമ്പത്തിക പദവിയിൽ നിന്നും ഉയർന്ന ഉദ്യോഗസ്ഥതലങ്ങളിൽ നിന്നും ചിന്തിക്കുവാൻ പറ്റാത്ത തരത്തിലുള്ള തകർച്ചകൾ നമ്മെ ഞെട്ടിക്കുന്നു. വൈരാഗ്യവും വിദ്വേഷവും കലർന്ന മുദ്രാവാക്യങ്ങളല്ലാതെ ഒന്നുമേ കേൾക്കാനില്ലാതായിരിക്കുന്നു.


**ആത്മീയത അഭിമാനമല്ല, അത് ആത്മാവിന്റെ പ്രചോദനമനുസരിച്ചുള്ള ജീവിതമാണ്.**

എല്ലാം അടിച്ചുപൊളിച്ചുതകർക്കുവാനുള്ള നേതൃത്വമല്ലാതെ പടുത്തുയർത്തുന്നതിന് ക്ലേശങ്ങൾ സഹിക്കുവാൻ വഴികാട്ടുന്നവർ ചുരുക്കമാകുന്നു. ഇത്തരം സാഹചര്യങ്ങളിൽ സ്വാതന്ത്ര്യചിന്ത നമ്മെ ഉള്ളിലേക്കും, ഉള്ളിൽ മറക്കപ്പെട്ടിരിക്കുന്ന ദൈവികതയിലേക്കും നയിക്കേണ്ടതാണ്. ആത്മശക്തിയും മനോധൈര്യവും സത്യസന്ധതയും കർമ്മനിഷ്ഠയും ജീവിതത്തിന്റെ സന്തോഷത്തിന് നിദാനമായി നിൽക്കുന്നതു കാണാൻ നമ്മുടെ കണ്ണുകൾ തുറക്കണം.

> ആത്മീയതയും മതാത്മകതയും വേർതിരിച്ചു കാണാൻ നമുക്കു കഴിയണം. മതത്തിന്റെ നിഷ്ഠകൾ ബാഹ്യമായി പാലിക്കുകയും പറ്റാവുന്നിടത്തൊക്കെ ഓടിനടന്നു മതാചാരങ്ങളിൽ പങ്കെടുക്കുകയും ചെയ്താൽ ജീവിതത്തിൽ സമൃദ്ധിയുണ്ടാകുമെന്നു കരുതേണ്ടതില്ല. മതാത്മകതയിലും കച്ചവട മനസ്ഥിതി കടന്നുകൂടിയിരിക്കുന്നു. ആത്മീയത ഇപ്രകാരമുള്ള മതാചാരങ്ങളുടെ പിന്നാലെയുള്ള പരക്കം പാച്ചിലിൽനിന്നും ഏറെ വ്യത്യസ്തമാണ്. ആത്മീയത നമ്മെ ധൈര്യമുള്ളവരാക്കുന്നു. ജീവിതത്തിന്റെ വെല്ലുവിളികളെ നേരിടുവാൻ ആത്മശക്തിയുള്ളവരാക്കുന്നു. നിഷേധാത്മക വികാരങ്ങളിൽനിന്നും ഹൃദയത്തെ സ്വതന്ത്രമാക്കി കരുണയും നന്മയും കൊണ്ട് നിറയ്ക്കുന്നു.

ഭൗതികതയുടെ ശക്തമായ കൊടുങ്കാറ്റിൽ കടപുഴകി താഴെവീഴാതിരിക്കാൻ ഉറപ്പുള്ള ആത്മീയതയ്ക്കായി നാം പരിശ്രമിക്കണം. ആത്മീയത അഭിമാനമല്ല അത് ആത്മാവിന്റെ പ്രചോദനമനുസരിച്ചുള്ള ജീവിതമാണ്. ഒരു മതാത്മക സമൂഹമെന്നതിനേക്കാൾ ആത്മീയ സമൂഹത്തിന് രൂപമേകുവാനാണ് നാം പരിശ്രമിക്കേണ്ടത്. മാതാത്മകത വർഗ്ഗീയതയിലേക്കും മതഭ്രാന്തിലേക്കും നയിക്കാം. ആത്മീയത സ്നേഹത്തിലേക്കും ഒന്നിപ്പിലേക്കും നയിക്കും. ആത്മീയ സമൂഹം സ്നേഹത്തിന്റെ സമൂഹമാകണം. സ്നേഹം നൽകുന്നിടത്തേ വളർച്ചയുണ്ടാവുകയുള്ളു.

ആത്മാവിനു ശക്തിയേകുന്ന സ്വാതന്ത്ര്യചിന്ത നമ്മെ ഭരിക്കണം. നാം നമ്മിൽ നിന്നുതന്നെ പുറത്തേക്കുവരണം. വിവിധങ്ങളായ സാഹചര്യങ്ങളാൽ ക്ലേശങ്ങളുടെ കണ്ണുനീർക്കയത്തിൽ മുങ്ങിതപ്പുന്നവർക്ക് ഒരു കൈപിടിച്ചുകൊടുക്കുവാൻ ഒരു സമൂഹമായി വളരണം. ആർദ്രതയും അംഗീകാരവും പ്രോത്സാഹനവും പ്രചോദനവും മറ്റുള്ളവർക്ക് നമ്മിൽനിന്ന് ലഭിക്കുവാൻ അവകാശമുണ്ടെന്നു നാം ഓർക്കണം. നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന പ്രധാന ഘടകം പണത്തിനോടുള്ള ആർത്തിയാണെങ്കിൽ നാം അതിനെ നേരിട്ട് തോല്പിക്കണം. കയ്യിലുള്ളത് പങ്കുവച്ചാൽ തിരികെകിട്ടുന്നതു നിത്യമായ ശാന്തിയും സമാധാനവുമായിരിക്കും. നമ്മുടെ സ്വാതന്ത്ര്യ ചിന്തയിൽ നാം നേടിയ നന്മകളെ കുറിച്ച് നാം അഭിമാനമുള്ളവരാകണം. എന്നാൽ തികഞ്ഞ അടിമത്തത്തിന്റെ തടവറകളിൽ നമ്മുടെ മനസ്സുകൾ ഇപ്പോഴും കെട്ടിയിടപ്പെട്ടിരിക്കുന്നതു തിരിച്ചറിയുവാനും കഴിയണം. നമ്മെയും മറ്റുള്ളവരേയും നശിപ്പിക്കാനല്ല പടുത്തുയർത്താനാണ് നമ്മുടെ സ്വാതന്ത്ര്യം വിനിയോഗിക്കേണ്ടത്.



"നിങ്ങൾക്കെന്റെ കണ്ണുകൾ ചൂഴ്ന്നെടുക്കാം; മൂക്ക് ഛേദിക്കാം, പക്ഷേ അതുകൊണ്ടൊന്നും ഞാൻ മരിക്കുകയില്ല. എന്നാൽ ഈശ്വരനിലുള്ള എന്റെ വിശ്വാസം എപ്പോൾ തകർക്കപ്പെടുന്നുവോ ആ നിമിഷം ഞാൻ മരിക്കും"

(മഹാത്മഗാന്ധി)

# ഏറ്റുപറച്ചിൽ

● ജൂലി വന്യംപറമ്പിൽ

2006 ഒക്ടോബർ 18... അന്നാണ് മനം കുളിർന്ന ആ ഏറ്റുപറച്ചിൽ നടന്നത്. എന്തുകൊണ്ടും ആ ദിനം എന്റേതായിരുന്നല്ലോ, പിതാവിന്റെ കരുതലിലേക്ക് ഒരു നിറച്ചാർത്തു കൂടി...

വർഷങ്ങൾക്കുശേഷം നടന്ന ഒരു വി. കുമ്പസാരം! ഏകദേശം ഒന്നര മണിക്കൂർ



നീണ്ടുനിന്ന ആ കൂദാശതണലിൽ അവനു ലഭിച്ചത് പാപക്കറകൾ കഴുകി വെടിപ്പാക്കിയ ഹൃദയം മാത്രമല്ല... ഇനിയുമൊരു ജീവിതത്തിനായുള്ള പ്രതീക്ഷയുടെ നാമ്പും സുകൃതങ്ങളടങ്ങിയ ജീവിതപ്രോഗ്രാമുമാണ്. കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് ബാല്യത്തിന്റെ നിഷ്കളങ്കതയും കൗമാരത്തിന്റെ വിശുദ്ധിയും അന്യംനിന്നുപോയ ഒരുവന്റെ കദനകഥാവ്യാപനമായിരുന്നില്ല... മറിച്ച്, അനുതാപമൂറുന്ന കണ്ണീർക്കണങ്ങ ളുടെ ഒരു പെരുമഴക്കാലം. ആ മഴ തോർന്നപ്പോൾ പുൽനാമ്പിലെന്നോണം കൺപീലികളിൽ ഒട്ടിനിന്ന അശ്രുബിന്ദുക്കളിൽ ഞാനൊരു മഴവില്ല് കണ്ടു. പ്രത്യാശയുടെ... ആത്മനിർവൃതിയുടെ... അതിലുമുപരി അനുതാപചൂടിലേക്ക് സ്വയം തീരുമാനമെടുക്കുവാൻ ഉത്പ്രേരകമെന്നോണം ഞാനൊരു നിമിത്തമായതിന്റെ നന്ദിയുമാവാം.

ജിനു...അതാണവന്റെ പേര്. കുടുംബത്തോടുള്ള ഉത്തരവാദിത്വം മറന്ന് മദ്യത്തിൽ ജീവിതം മുഴുവനും മുങ്ങിയ അപ്പൻ. ജീവിതപങ്കാളിയോട് അവിശ്വസ്തത പുലർത്തി..... കുടുംബബന്ധങ്ങളുടെ പവിത്രത കൈമോശം വരുത്തിയ അമ്മ. 'കുട്ടികൾക്കു നല്ല ശിക്ഷണം നല്കുക' എന്ന പ്രഭാഷകസൂക്തം (പ്രഭാ 42,5). സൗകര്യപൂർവ്വം മറക്കുന്ന ഈ മാതാപിതാക്കൾക്കിടയിൽ 'നരച്ച മൂടൽമഞ്ഞും ഇരുട്ടും' (പുറ 10,21) എങ്ങനെ അവനെ ചൂഴ്ന്നുനില്ക്കാതിരിക്കും? ശരിയായ ഉൾക്കാഴ്ച ലഭിക്കാതെ മാതാപിതാക്കളുടെ ദുർമ്മാതൃക അവനിലെ വിവേചനശക്തിയെയും മുരടിപ്പിച്ചു. അർഹതപ്പെട്ട

ഇടങ്ങളിൽ കിട്ടാതെ പോയ സ്നേഹവും പരിഗണനയും ഏതുവിധേ നയും വിലകൊടുത്ത് അവനും വാങ്ങി. ഉള്ളിലെ നന്മയും വിശുദ്ധിയും പിച്ചിചീന്തപ്പെട്ടു. ഒന്നിനും കൊള്ളാത്ത എല്ലാവിധ അസന്മാർഗ്ഗികതയും കൊടികുത്തിവാഴുന്ന 'കവർച്ചക്കാരുടെ ഗുഹ' (മർക്കോ 11,17) പോലെയായി അവന്റെ ജീവിതവും.


ജീവിത സാഹചര്യങ്ങൾക്കു നടുവിൽ തിന്മയുടെ അഗാധഗർത്തത്തിലാണ്ടുപോയ ഇവനെ എനിക്കു പഴിക്കാനാവുമോ? ഇല്ല... കാരണം ഈറൻ മിഴികളുമായി ഗദ്ഗദത്തോടെ അവൻ എന്നോട് ഏറ്റുപറഞ്ഞ ഒരു വാചകമുണ്ട്... "ശരിയും തെറ്റും പറഞ്ഞുതരാൻ എന്റെ ജീവിതത്തിൽ എനിക്ക് ആരുമുണ്ടായിരുന്നില്ല" എന്ന്.

പ്രിയകൂട്ടുകാരേ, വിശുദ്ധിയിലേക്കുള്ള വാതിൽ ഇടുങ്ങിയതാണ്...അതു കണ്ടെത്തുന്നവരോ ചുരുക്കം (മത്താ 7,14). ജീവനും മരണവും നിന്റെ മുമ്പിൽ തന്നെയിരിക്കുമ്പോൾ...ഏതാണ് നീ തിരഞ്ഞെടുക്കുക? (പ്രഭാ 15,15-16).

സ്നേഹമുള്ള മാതാപിതാക്കളോട്: "മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്താൻ ശ്രദ്ധിക്കുക" (പ്രഭാ 30,13). അനുരഞ്ജന കൂദാശയെ നീരസത്തോടെ കാണുകയും കുമ്പസാരക്കൂടിനെ മടിയോടെ സമീപിക്കുകയും എല്ലാം നേരിട്ടങ്ങ് പറഞ്ഞാൽ പോരേ എന്ന കാഴ്ചപ്പാട് വച്ചുപുലർത്തുകയും ചെയ്യുന്ന ഈ കാലത്തിന്റെ മക്കൾക്ക് തീർത്തുമൊരു വെല്ലുവിളിയാണ് കർത്താവിന്റെ അഭിഷിക്തനോട് ജിനു നടത്തിയ ഈ ഏറ്റുപറച്ചിൽ.

Why do we have to confess our sins to a priest and not directly to God?

In choosing to send his Son in our flesh, He showed that He wanted to meet us face to face, in direct contact, through the signs and languages of our human condition. (Pope Benedict XVI - from L'osservatore Romano )



പരമാവധി സ്നേഹത്തിന്റ
പ്രേഷിതകുടുംബത്തിന്റെ ഡയറക്ടറും 'പ്രതീക്ഷയുടെ
പൂമൊട്ടുകളുടെ' ആത്മീയ രക്ഷാധികാരിയും
ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളും
കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിന്റെ
ഡയറക്ടറുമായ **പെരിയ ബഹുമാനപ്പെട്ട മാത്യു**
**വെള്ളാനിക്കലച്ചന്** ജന്മദിനപ്പാറ്റിനം
ജൂബിലിയുടെയും പൗരോഹിത്യ
സുവർണ്ണജൂബിലിയുടെയും
നാമഹേതുകതിരുനാളിന്റെയും
**മംഗളാശംസകൾ!!!**

വചനവിരുന്ന്



# കാനായിലെ വിവാഹവിരുന്ന്

(യോഹ 2:1-12)

● കൊച്ചുറാണി മങ്ങാട്ട്

കാനായിലെ വിവാഹവിരുന്ന് ഒരുപാടു കാര്യങ്ങൾ നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിലൊരു പ്രധാനപ്പെട്ട കാര്യം: നിന്റെ ജീവിതത്തിലെ ഇല്ലായ്മകൾ (കുറവുകൾ) ഏറ്റവും ആദ്യം മനസ്സിലാക്കുന്നവളാണ് പരി. അമ്മ. പുത്രനായ ഈശോയോട് സ്വാതന്ത്ര്യത്തോടെ നമ്മുടെ ആവശ്യങ്ങൾ പറഞ്ഞ് നൽകുന്നവളാണ് പരി. അമ്മ.

ആധുനിക കുടുംബം ബാഹ്യമായി Full setup ആണ്. എന്നാൽ ഉള്ളറകളിൽ ചീഞ്ഞുനാറുന്നതും ദുർഗന്ധം വമിക്കുന്നതുമായ സംഭവങ്ങളാണ് അരങ്ങേറുന്നത്. ആത്മഹത്യകളുടെയും കൊലപാതകങ്ങളുടെയും 'കാണ്മാനില്ലാ'യ്മകളുടെയും എണ്ണം ദിനംപ്രതി വർദ്ധിക്കുന്നുവെങ്കിൽ പ്രശ്നം പുറ ത്തല്ല ഉള്ളറകളിൽത്തന്നെ.

ആഡംബരജീവിതത്തിനായി ഭവനവായ്പ എടുത്ത് അടയ്ക്കാനാവാതെ ശിരസ്സു താഴ്ന്നവർ, എത്തിപ്പിടിക്കാനാവാത്ത സ്വപ്നങ്ങളുടെ സാഫല്യത്തിനായി Education loan എടുത്ത് വീടു പോലും ജപ്തിയിലായവർ.

ഒരു അമ്മച്ചിയെയും കുടുംബത്തെയും എനിക്കറിയാം. പ്രോസാങ്ങ്ടിറ്റി മിഷൻ വഴിയായി പരിചയപ്പെട്ട കുടുംബം.

ഇടയ്ക്കിടയ്ക്ക് ഒരു 'വിളി' മഠത്തിലേക്ക്. ആരെടുത്താലും അമ്മച്ചി സംസാരിച്ചുതുടങ്ങും: "അമ്മേ...ഇനി ഞാനെന്താ ചെയ്യേണ്ടത്? ഈ സഹനത്തിന് ഒരു പരിധിയുണ്ടാകുമോ?...ദൈവം പോലും എന്നെ കൈവിടുകയാണോ? എന്താ അമ്മേ ഇതിന്റെയർത്ഥം...?" പ്രാർത്ഥിക്കുവാനായി അമ്മച്ചിയുടെ ഓർമ്മപ്പെടുത്തലും ചങ്കുപൊടിഞ്ഞുള്ള ഏങ്ങലുകളുമാണിത്. മറുപടിയില്ലാതെ ഞാനും പല പ്രാവശ്യം പതറിയിട്ടുണ്ട്. ലോൺ തകർത്തുകളഞ്ഞ ഒരു കുടുംബത്തിലെ പാവം അമ്മച്ചിയുടെ നൊമ്പരം. ജപ്തിയുടെ ദിവസങ്ങൾ അടുത്തുവരികയാണ്. അമ്മച്ചിയുടെ ദീർഘനിശ്വാസങ്ങളും നെഞ്ചിടുപ്പു പോലും കേട്ടിട്ടുള്ളതുകൊണ്ട് ഞാനും മുട്ടുകുത്തി. അപമാനഭാരത്തിൽനിന്നും രക്ഷപ്പെടുത്തുവാൻ ഒരാൾക്കാവും എന്നുറപ്പുള്ളതുകൊണ്ട് ഞാനും വിളിച്ചു: "അമ്മേ...നിന്റെ മാദ്ധ്യസ്ഥ്യം യാചിച്ചവരിൽ ഒരുവനെയെങ്കിലും നീ ഉപേക്ഷിച്ചതായി ലോകത്തിൽ കേൾക്കപ്പെട്ടിട്ടില്ല എന്നു നീ ഓർക്കണമേ.."

കഴിഞ്ഞ ദിവസം അമ്മച്ചി വിളിച്ചു അമ്മേ... ഏതാണ്ടെല്ലാം ശരിയായി...'അമ്മച്ചിയുടെ സ്വരത്തിൽ ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും അലകളുണ്ടായിരുന്നു. ഞാനും പറഞ്ഞു അമ്മേ...നിനക്ക് നന്ദി.'

നിന്റെ ജീവിതത്തിലും ഇതിനു സമാനമോ ഇതിലും ദുരന്തപൂർണ്ണമായതോ ആയ സംഭവങ്ങൾ അരങ്ങേറുന്നുവോ? ജീവിതപ്രശ്നങ്ങൾ എന്തുതന്നെയുമാകട്ടെ, മറ്റാരോടും പറയാനാവാത്ത അപമാനത്തിന്റെ ഭാരവും സാമ്പത്തിക പരാധീനതകളും നമ്മുക്ക് എടുത്തു പിടിക്കാം. അവയുമായി കാനായിലേക്കു കടന്നുചെല്ലാം. അവിടെ നിനക്കൊരു അമ്മയുണ്ട്! അപമാനഭാരത്തിൽനിന്നും കാനായിലെ കുടുംബത്തെ രക്ഷിച്ച, വിവിഹവിരുന്നിൽ പങ്കെടുത്ത മറ്റാരേക്കാളും ആദ്യം അവരുടെ ഇല്ലായ്മ മനസ്സിലാക്കി പുത്രനോട് കേണ മാതൃസ്നേഹം തുളുമ്പിനിൽക്കുന്ന ഒരമ്മ. അമ്മ നിന്റെ ജീവിതത്തിലെ കുറവുകളും മറ്റാരേക്കാളും ആദ്യം മനസ്സിലാക്കും അമ്മയോട് മനസ്സുമടുക്കാതെ നമുക്കും പറയാം: 'അമ്മേ നിന്റെ മക്കളുടെ ജീവിതത്തെ കരം പിടിച്ചുയർത്തുന്നതിനായി ഏതു പ്രതിസന്ധിഘട്ടത്തിലും അമ്മേ കടന്നുവരണമേ...'

# ടെലിവിഷൻ കുടുംബത്തിൽ




• ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി

കേരളത്തിലെ ഒരു പ്രമുഖ പത്രത്തിൽ വന്ന ഒരു വാർത്ത. "ടി.വി. സിനിമ കാണിക്കാത്തതിന് ജീവനൊടുക്കി" അടിമാലി എന്ന സ്ഥലത്ത് നടന്ന സംഭവമാണിത്. ടി.വി. യിലെ സിനിമ കാണാൻ പിതാവു തടസ്സം നിന്നതിന് മകൻ തൂങ്ങിമരിച്ചു. വാളറ വാരാശ്ശേരിയിൽ ജോയിയുടെ 14 വയസ്സുള്ള മകൻ ബിനോജ് ആണ് ജീവനൊടുക്കി വീട്ടുകാരോട് പകരം വീട്ടിയത്. ടി.വി. വ്യക്തികളിലും കുടുംബത്തിലും സമൂഹത്തിലും ചെലുത്തുന്ന സ്വാധീനം നിഷേധിക്കുക സാധ്യമല്ല. ടി.വി.യെ ആകാശത്ത് ഉയർന്നു നില്ക്കുന്ന പ്രസംഗപീഠമായും ആധുനിക മനുഷ്യന്റെ നമസ്കാരപുസ്തകമായും ചിലർ വിശേഷിപ്പിച്ചു കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ ഏകദേശം 65 ലക്ഷം ടി.വി. സെറ്റുകളും 18 ലക്ഷം വീടുകളിൽ കേബിൾ കണക്ഷനും ഉണ്ട് എന്നാണ് കണക്ക്. മനഃശാസ്ത്രജ്ഞനായ ഡോ. ഡേവിഡ് വാൽഷിന്റെ പഠനമനുസരിച്ച് ഒരാഴ്ചയിൽ ഒരു കുട്ടി 1680 മിനിറ്റ് ടി.വി.യുടെ മുമ്പിൽ ചെലവഴിക്കുമ്പോൾ വെറും 38 മിനിറ്റ് മാത്രമാണ് മാതാപിതാക്കളുമായുള്ള സമ്പർക്കത്തിനായി വിനിയോഗിക്കുക. കേരളത്തിലെ വീട്ടമ്മമാരിൽ 65 ശതമാനവും ദിവസേന 10 മണിക്കൂറിലേറെ ടെലിവിഷൻ കാണുന്നു എന്നാണ് സർവ്വേ റിപ്പോർട്ട്.

**അനുകരണഭ്രാന്ത്**

1992 ജൂലൈ 21-ാം തീയതി ദീപിക പത്രത്തിൽ വന്ന വാർത്ത അനുകരണഭ്രാന്തിന്റെ ഞെട്ടിപ്പിക്കുന്ന യാഥാർത്ഥ്യം പുറത്തുകൊണ്ടുവരുന്നു. വാർത്ത ഇങ്ങനെയായിരുന്നു, ഇഷ്ടനായകനെ അനുകരിച്ചു ബാലൻ തൂങ്ങിമരിച്ചു. തോപ്പുംപടി എന്ന സ്ഥലത്ത് നടന്ന സംഭവമാണിത്. മോഹൻലാൽ അഭിനയിച്ച ഉത്സവപ്പിറ്റേന്ന് എന്ന ചിത്രമാണ് കുരുന്നു ബാലനു പ്രേരകമായത്. സിനിമിയിൽ മോഹൻലാൽ അവതരിപ്പിച്ച അനിയൻ എന്ന കഥാപാത്രം തൂങ്ങിമരിക്കുകയാണ്. ആരും ഇതുവരെ കാണിച്ചിട്ടില്ലാത്ത സർക്കസ് കാണിക്കാം എന്നു പറഞ്ഞ് മരത്തിൽ കയറിയശേഷം കുട്ടികളോട് കൈയടിക്കാൻ ആവശ്യപ്പെടുന്ന കഥാപാത്രം. കഴുത്തിൽ കയർ കുടുക്കി അവരുടെ മധ്യത്തിലേക്ക് ചാടുന്നതാണ് സിനിമയിലെ രംഗം. ഈ രംഗം കുരുന്നു മനസ്സിൽ പതിഞ്ഞു. ജൂലൈ 12 ന് ദൂരദർശൻ ഈ ചിത്രം സംപ്രേഷണം ചെയ്തിരുന്നു. തനിക്കും മോഹൻലാലിനെപ്പോലെ സർക്കസ് കാണിക്കണമെന്നു തീരുമാനിച്ച ബാലൻ വീടിനകത്ത് ജനാലയിൽ കയറി മുകളിൽ കയർ കെട്ടിയശേഷം കഴുത്തിൽ കുടുക്കിട്ട് ചാടുകയായിരുന്നു. ബഹളം കേട്ട് ഓടിക്കൂടിയവർ ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും വഴിക്കുവെച്ച് മരണം സംഭവിച്ചു. ടി.വി. അടിമത്തം ആധുനിക ജീവിതത്തിലെ

ഒരു വലിയ വെല്ലുവിളിയാണ്. ടി.വി. യിൽ കാണുന്നതെന്തും സത്യമായി കരുതി അവയെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ കുട്ടികളും മുതിർന്നവരും ശ്രമിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. കുട്ടികളുടെ കളിമണ്ണുപോലുള്ള മനസ്സിനെ രൂപപ്പെടുത്തുന്നതിൽ ടെലിവിഷന് ഒരു വലിയ പങ്കുണ്ട്. സിനിമ നടൻമാരും നടികളുമെല്ലാം അവർ ഉറ്റുനോക്കുന്ന മാതൃകകളാണ്. പാലിനു പകരം പെപ്സിയും ചോറിനു പകരം നൂഡിൽസും കഴിക്കുന്ന കുട്ടികൾക്കാണ് ഇന്നു സ്റ്റാറ്റസ്. ക്രിക്കറ്റ് അറിയുവാൻ പാടില്ലാത്തവൻ സമൂഹത്തിൽ മണ്ടനും കഴിവില്ലാത്തവനുമാണ്. അത്യാവശ്യമില്ലാത്ത വസ്തുക്കൾ വാങ്ങിക്കൂട്ടി ജീവിത സന്തോഷം കണ്ടെത്തുവാൻ പരിശ്രമിക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനമായി പല മാതാപിതാക്കന്മാരും രംഗത്തെത്തിയിരിക്കുന്നു. കുട്ടികൾ ആഗ്രഹിക്കുന്നതെന്തും വാങ്ങിക്കൊടുക്കുന്നതിലാണ് മാതാപിതാക്കൾ സംതൃപ്തി കണ്ടെത്തുന്നത്. കുട്ടികളുടെ ശാരീരികമായ വളർച്ചയും ബൗദ്ധികമായ വികാസവും ഏറ്റവും പ്രധാനപ്പെട്ടതായി കരുതുന്ന മാതാപിതാക്കൾ അവർക്ക് ധാർമ്മിക ആത്മീയ മൂല്യങ്ങൾ കൊടുക്കുന്നതിൽ പരാജയപ്പെടുന്നു. അതുകൊണ്ട് അനുകരണം ഏറ്റവും വലിയ മൂല്യമായി കണ്ട് ടി.വി. യുടെ മുമ്പിൽ കണ്ണും നട്ടിരിക്കുന്ന കുട്ടികളെ വിമർശിക്കുവാൻ മാതാപിതാക്കൾക്ക് സാധിക്കാതെ വരുന്നു.

**ടി.വി. കാണുന്നതിനുള്ള കാരണങ്ങൾ**

**1. നേരം പോക്കിന്**

നേരംപോക്കിനായി മനുഷ്യൻ ടി.വി. യുടെ മുമ്പിൽ സമയം ചെലവഴിക്കാറുണ്ട്. സമയം എങ്ങനെ കളയണം എന്നറിയാതെ വിഷമിക്കുന്ന മനുഷ്യർ ടി.വി. ഓൺ ചെയ്ത് ഇഷ്ടപ്പെട്ടവയും ഇഷ്ടപ്പെടാത്തവയും സമയം കളയുവാൻ നിർബന്ധപൂർവം കാണുകയാണ്. വീട്ടമ്മമാർ ബോറടി മാറ്റുവാനുള്ള ഒരുപാധിയായി ടി.വി. യെ കാണുമ്പോൾ പിന്നെ പിന്നെ അതൊരു ശീലമായി മാറുകയും അവർ ടെലിവിഷന് അടിമയാകുകയും ചെയ്യുന്നു.

**2. വിജ്ഞാനത്തിനായി**

സമൂഹത്തിന് വിജ്ഞാനം പകർന്നുനല്കുന്ന ഒരുപാധിയായി ടെലിവിഷനെ കാണാവുന്നതാണ്. വാർത്തകളിലൂടെയും വിനോദങ്ങളിലൂടെയും ലഭിക്കുന്ന വിജ്ഞാനം പലർക്കും ആകർഷകമായി തോന്നാറുണ്ട്. പല കാര്യങ്ങളെയുംകുറിച്ചുള്ള ഉപദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും ടി.വി.യിലൂടെ കിട്ടുമ്പോൾ തീരുമാനങ്ങളെടുക്കുന്നതിലും പ്രശ്നം പരിഹരിക്കുന്നതിലും ഒരു പരിധിവരെ അവ നമ്മെ സഹായിക്കുന്നു. പക്ഷേ വിജ്ഞാനം നല്കുന്ന വാർത്തകൾ പോലുള്ള പരിപാടികൾ നമ്മൾ എത്രപേർ കാണുന്നുണ്ട്?

**3. കൂട്ടുകെട്ടിനായി**

ടി.വി. ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സുഹൃത്തായി മാറിയിരിക്കുന്നു. പലർക്കും ഒരു കുടുംബസുഹൃത്താണ് ടി.വി. കുട്ടികളുടെ ജീവിതത്തിൽ കുടുംബം, സ്കൂൾ, കൂട്ടുകാർ എന്നിവപോലെ തന്നെ വെട്ടി മുറിച്ചു കളയാനാവാത്തവിധം ടി.വി. ഇഴുകിചേർന്നിരിക്കുന്നു. ജീവിതയാഥാർത്ഥ്യങ്ങളിൽ നിന്നും ബന്ധങ്ങളിൽനിന്നുമൊക്കെ അകറ്റപ്പെടുന്ന കുട്ടികൾ ടി.വി. യാകുന്ന സുഹൃത്തിനെ അന്ധമായി വിശ്വസിച്ചാൽ അവരുടെ ഭാവി ഇരുളടഞ്ഞതാകും.

**4. ബേബിസിറ്റർ**

കുട്ടികളെ എങ്ങനെ നിയന്ത്രിക്കണം എന്നറിയാതെ മാതാപിതാക്കൾ വിഷമിക്കുകയാണ്. കരയുന്ന കുഞ്ഞിനു പാലും മധുരപലഹാരങ്ങളും കൊടുത്തി

*കുട്ടികളുടെ ശാരീരികമായ വളർച്ചയും ബൗദ്ധികമായ വികാസവും ഏറ്റവും പ്രധാനപ്പെട്ടതായി കരുതുന്ന മാതാപിതാക്കൾ അവർക്ക് ധാർമ്മിക ആത്മീയ മൂല്യങ്ങൾ കൊടുക്കുന്നതിൽ പരാജയപ്പെടുന്നു.*


രുന്ന സ്ഥാനത്ത് ഇന്ന് ടി.വി. ഓൺ ചെയ്തു കൊടുക്കുന്ന ഒരു പ്രവണത വളർന്നു വന്നിരിക്കുന്നു. കുട്ടിക്കാലം മുതൽ ടി.വി. സ്ക്രീനിലെ ചലനങ്ങൾ കാണുന്ന കുട്ടികൾക്ക് കാലക്രമത്തിൽ ആശ്വാസം നല്കുന്ന മറ്റൊരമ്മയായി ടി.വി.മാറുന്നു.

**5. ഒളിച്ചോട്ടത്തിനായി**

പ്രശ്നങ്ങളിൽനിന്നും ഒളിച്ചോടുവാൻ ഒരു പരിധിവരെ ടെലിവിഷൻ ഇന്ന് കാരണമായി തീർന്നിരിക്കുന്നു. സത്യങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിൽനിന്നും ഭാവനാലോകത്തേക്കുള്ള ഒരു ഒളിച്ചോട്ടം യുവജനങ്ങൾ നടത്തുമ്പോൾ കുടുംബപ്രശ്നങ്ങൾ പറഞ്ഞുതീർക്കാതെ മാതാപിതാക്കൾ ടി.വി. ഓൺചെയ്ത് പരസ്പരം സംസാരിക്കാതെ ഒളിച്ചോട്ടം നടത്തുകയാണ്.

**6. വിനോദത്തിനായി**

ചിരിപ്പിക്കുന്നതെന്തും വിനോദമായി കരുതി ഹാസ്യപരിപാടികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നവർ നിലവാരമില്ലാത്ത പല പരിപാടികളെയും വിനോദമായി കരുതുന്നു. ഭാഷ ഒരു മനുഷ്യന്റെ വ്യക്തിത്വത്തെ കാണിക്കുന്നു. മോശമായ ഭാഷകൾ കുട്ടികൾ ഉപയോഗിക്കുന്നതുകൊണ്ട് അതൊക്കെ സ്മാർട്ട്നസ്സിന്റെയും കഴിവിന്റെയും ലക്ഷണമായിക്കരുതി പ്രോത്സാഹിപ്പിക്കുന്ന മാതാപിതാക്കന്മാരും ഇന്നില്ലാതില്ല. മുതിർന്നവരെയും അധികാരികളെയുമൊക്കെ കളിയാക്കുന്ന ഹാസ്യപരിപാടികൾ അവരോടുള്ള ബഹുമാനം ഇല്ലാതാകുന്നതിൽ ഒരു വലിയ പങ്കു വഹിച്ചിട്ടുണ്ട്. അതുകൊണ്ട് വിനോദത്തെ വിലയിരുത്തി സ്വീകരിക്കുവാൻ നമുക്കു സാധിക്കണം.




## പരിഹാരമാർഗ്ഗങ്ങൾ

കുടുംബത്തിൽ മാതാപിതാക്കളും കുട്ടികളും തമ്മിലുള്ള ബന്ധത്തിന് മാറ്റമുണ്ടാകണം. ടി.വി.യുടെ സ്ഥാനത്ത് മാതാപിതാക്കൾ അവരുടെ സുഹൃത്തായി മാറണം. സന്തോഷവും നിരാശയും വേദനയും പങ്കുവയ്ക്കുവാനുള്ള സുഹൃത്തായി മാതാപിതാക്കൾ മാറുമ്പോൾ പ്രശ്നങ്ങളിൽനിന്ന് കുട്ടികൾ ഒളിച്ചോടുകയില്ല. ടി.വി. എപ്പോഴും തുറന്നു വയ്ക്കാതെ അവയുടെ ഉപയോഗത്തിൽ നിയന്ത്രണം ഉണ്ടാവണം. കൂടാതെ എന്തൊക്കെ കാണണം എന്നതിനും ഒരു കൂട്ടായ തീരുമാനം ഉണ്ടാവണം. വിനോദം മാത്രമല്ല വിജ്ഞാനം നല്കുന്ന ന്യൂസ് പോലെയുള്ള പരിപാടികളും കാണുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം. മോശമായ കാര്യങ്ങൾ കടന്നുവരുമ്പോൾ പ്രതികരിക്കുവാനും ചിലപ്പോഴൊക്കെ ടി.വി. ഓഫ് ചെയ്യുവാനും സാധിക്കണം. ടി.വി. കണ്ടുകൊണ്ട് ഭക്ഷണം കഴിക്കുന്ന രീതി പാടെ മാറ്റി എല്ലാവരും ഒരുമിച്ചിരുന്നു ഭക്ഷണം കഴിക്കുമ്പോൾ അതൊരു കുടുംബക്കൂട്ടായ്മയുടെ ഉത്തമ മാതൃകയായിത്തീരും. തോന്നുമ്പോഴും, കറണ്ടു കട്ടിന്റെ സമയത്തും കുടുംബപ്രാർത്ഥന ചൊല്ലാതെ ഒരു നല്ല നിശ്ചിത സമയം പ്രാർത്ഥനയ്ക്കായി മാറ്റിവെക്കണം. ചുരുക്കത്തിൽ മാതാപിതാക്കൾ മുൻകൈ എടുക്കാതെ ടി.വി. യുടെ അടിമത്തത്തിൽനിന്നും കുടുംബങ്ങളെ മോചിപ്പിക്കുവാൻ സാധിക്കില്ല.

ചിന്താശകലങ്ങൾ

# പ്രത്യാശയുടെ ഉറവിടം



● റോസമ്മ കുന്നേൽ

സത്യ ദൈവത്തിൽ വിശ്വസിക്കുന്നവരായി ത്തീരുമ്പോഴാണ് മനുഷ്യൻ പ്രത്യാശ യുള്ളവരായിത്തീരുന്നത് എന്ന് പൗലോസ് അപ്പസ്തോലൻ എഫേസോസുകാർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു (എഫേ 2:12).

നൈമിഷികങ്ങളായ സന്തോഷങ്ങൾക്കോ സുഖങ്ങൾക്കോ രാഷ്ട്രീയ സാങ്കേതിക സാമൂഹിക സാമ്പത്തിക വ്യവസ്ഥിതികൾക്കോ ഒന്നും ശാശ്വതമായ പ്രത്യാശ നമുക്ക് നൽകുവാനാകില്ല. പ്രത്യക്ഷത്തിൽ ഇവയെല്ലാം മനുഷ്യന്റെ പ്രശ്നങ്ങളെ പരിഹരിക്കാൻ പോരുന്നവയാണെന്ന് തെറ്റിദ്ധരിക്കുവാനിടയുണ്ട്. സാമ്പത്തിക സാമൂഹിക വ്യവസ്ഥിതി വളർച്ച പ്രാപിക്കുന്നയിടങ്ങളിൽ നിന്നും മനുഷ്യൻ ദൈവത്തെ മാറ്റി നിറുത്തി ജീവിക്കുന്ന ദുഃസ്ഥിതിയാണ് കണ്ടുവരുന്നത്. അവിടെ മനുഷ്യനാണ് എല്ലാവർക്കും ക്ഷേമം നൽകുവാൻ പരിശ്രമിക്കുന്നത്. ഇത് എപ്രകാരമെന്നത് ശ്രദ്ധേയമാണ്. മനുഷ്യരെ, മനുഷ്യ മനഃസാക്ഷിയെ നന്മയിലേക്ക് വളർത്തുന്നവരെ നിർമാർജനം ചെയ്തുകൊണ്ട് തങ്ങളുടെ വ്യക്തിതാല്പര്യങ്ങൾക്ക് മറ്റുള്ളവരെ ഇരയാക്കിക്കൊണ്ട് ഓരോ നേതാക്കന്മാരും അവരവരുടെ രാജ്യം സ്ഥാപിക്കുന്നു. ഇങ്ങനെയുള്ളവർക്ക് സ്തുതി പാടാത്തവരെ എങ്ങനെയും വകവരുത്തുന്നു. മറ്റുള്ളവരിൽ വിപ്ലവവാസന ജനിപ്പിച്ച് എല്ലാം വെട്ടിപ്പിടിക്കുന്നതിനുവേണ്ടി വിപ്ലവം അഴിച്ചുവിടുന്നു.

എന്നാൽ ദൈവത്തിൽ പ്രത്യാശവച്ച് മുന്നോട്ടുപോകുന്നവർ എല്ലാ ജീവിത സാഹചര്യങ്ങളിലും ദൈവത്തിന്റെ അദൃശ്യകരം കണ്ടുകൊണ്ട് അവയെല്ലാം രക്ഷാകര അനുഭവങ്ങളാക്കി ആരോഗ്യകരമായ രീതിയിൽ നേരിടുന്നു. ആരേയും കൊല്ലുകയോ കൊലവിളിക്കുകയോ ഇല്ല. ഇക്കൂട്ടരുടെ വിപ്ലവം സ്നേഹവിപ്ലവമായിരിക്കും. എന്തെന്നാൽ ദൈവം മനുഷ്യനെ സൃഷ്ടിച്ച് അവന് പറുദീസ്സാ സൗഭാഗ്യം നൽകി. നിർഭാഗ്യവശാൽ മനുഷ്യന്റെ പാപം മൂലം ഈ സൗഭാഗ്യം പറുദീസ്സാ നഷ്ടമാകുന്നു. തന്നെയുമല്ല കൂടുതൽ കഷ്ടതകൾ അവനെ പിന്തുടരുന്നു. മനുഷ്യന്റെ കഷ്ടതയിൽ ദൈവത്തിന്റെ മനസ്സലിയുന്നു. അവിടുന്നു മനുഷ്യന്റെ പാപത്തിന് ശിക്ഷയും ശാപവും ഒപ്പം രക്ഷയും നൽകി മനുഷ്യനെ പ്രത്യാശയിലേക്ക് നയിക്കുന്നു. ദൈവമാണ് മനുഷ്യന്റെ പ്രത്യാശയുടെ ഉറവിടം. ഇത് ആദിമാതാപിതാക്കളുടെയും കായേന്റെയും അധഃപതനത്തിൽ ദൈവത്തിന്റെ ഇടപെടലിലൂടെ നമുക്കു മനസ്സിലാക്കാം. പാപവും ശിക്ഷയും രക്ഷയുടെ വാഗ്ദാനവും ഒന്നിച്ചു നീങ്ങുന്ന ഒരു ചരിത്രമാണ് രക്ഷാകരചരിത്രം. മനുഷ്യനെ നിരാശപ്പെടുത്തുന്ന ഒരു യാഥാർത്ഥ്യമാണ് പാപമെങ്കിൽ ദൈവത്തിന്റെ രക്ഷയുടെ വാഗ്ദാനം അവന് പ്രത്യാശ പകരും എന്നത് പഴയനിയമ ചരിത്രത്തിലുടനീളം കാണാൻ കഴിയും. സ്വസഹോദരനെ കൊന്നുകൊലവിളിച്ച കായേനോടുള്ള ദൈവത്തിന്റെ ഇടപെടൽ വളരെ ശ്രദ്ധേയമാണ് (ഉല്പ 4,8-18). ശിക്ഷിക്കുന്നവർക്കെല്ലാം പ്രതീക്ഷ നൽകുന്ന ദൈവം. ദൈവത്തിന്റെ മനുഷ്യരോടുള്ള ഇടപെടൽ ശിക്ഷ

യുടെയും പ്രതീക്ഷയുടെയും ശൈലിയിലാണ്. ഒരുകണക്കിൽ മനുഷ്യന് ആദി മാതാപിതാക്കളിൽനിന്ന് ഉത്ഭവ പാപം അവകാശമായി കിട്ടിയതുപോലെതന്നെ. പ്രതീക്ഷയും അവകാശമായി കിട്ടിയെന്നുവേണം പറയുവാൻ.

മനുഷ്യജീവിതത്തെ ശരിയായരീതിയിൽ നയിക്കുവാൻ മനുഷ്യനെ സഹായിക്കുന്ന ഒന്നാണ് പ്രത്യാശ. പ്രത്യാശ വെറും അറിവു പകർന്നു തരുന്ന ഒന്നല്ല. മറിച്ച് മനുഷ്യജീവിതത്തെ രൂപപ്പെടുത്തുന്ന ഒന്നാണെന്ന് ബെനടിക്റ്റ് 16-ാമൻ മാർപാപ്പ പറയുന്നു. ഈലോകജീവിതത്തിന്റെ ബുദ്ധിമുട്ടുകളെ ശാന്തതയോടെ നേരിടാൻ പ്രത്യാശ നമ്മെ കഴിവുറ്റവരാക്കുന്നു. പ്രത്യാശയുള്ളവർക്കാണ് ക്ഷമയോടെ കാത്തിരിക്കാൻ സാധിക്കുന്നത്. പ്രത്യാശയിൽ നമ്മെ വളർത്തുന്ന പഠനക്കളരി പ്രാർത്ഥനയാണ്. പ്രാർത്ഥനയിലാണ് ദൈവതിരുമനസ്സു തിരിച്ചറിയുന്നത്. പ്രാർത്ഥനയാണ് ദൈവതിരുമനസ്സിനു നമ്മെ വിട്ടുകൊടുക്കുവാൻ ശക്തി പകർന്നുതരുന്നത്. ദൈവത്തിൽ ആശ്രയം വയ്ക്കുവാൻ നമ്മെ സഹായിക്കുന്ന മാർഗ്ഗം പ്രാർത്ഥനയാണ്. സഭയുടെ മടിത്തട്ടിലിരുന്ന് പ്രാർത്ഥിക്കാൻ പഠിക്കാം. അനെങ്ങ പ്രത്യാശയിൽ വളരാം. മറ്റുള്ളവർക്ക് പ്രത്യാശ പകരുന്നവരാകാം.

*******************************************************************

# നവജനനം

• നോയൽ മാത്യൂസ് ജോർജ്ജ്

തമസ്സിന്റെ തിരശ്ശീല കീറിമുറിച്ചുകൊ-
ണ്ടുദയാർക്കൻ പ്രഭയോടണഞ്ഞിടുംപോൽ
മൃത്യുവിൻശക്തി തകർത്തുകൊണ്ടുത്ഥാന-
പ്രഭതൻ കിരീടമണിഞ്ഞു നാഥൻ!

നീർപ്പോളപോലുള്ളൊരീലോകജീവിതം
നന്നായ് നയിക്കുവാനുദ്യമിച്ചാൽ
ലോകത്തിൻ മോഹമരീചികയ്ക്കപ്പുറം
ശാശ്വതശാന്തിയെ കൈവരിക്കാം.



ശാസ്ത്രം വളരുന്ന വേഗത്തിനൊപ്പം
ലോകം ചുരുങ്ങിച്ചെറുഗ്രാമമായ് മാറുന്നു
സൃഷ്ടാവെ മറന്നുള്ള സൃഷ്ടിതൻ ഗമനം
നാശത്തിൻ പാതയിലെത്തിച്ചിടും!

നിത്യമാം ജീവനിലർപ്പിക്ക പ്രത്യാശ
നാളെയെ പാർത്തുകൊണ്ടിന്നിൽ ചരിക്ക നീ
സഹജന് നന്മതൻ വഴികാട്ടിയാവുകിൽ
നിത്യമഹത്ത്വത്തിനൊരുമയിലണിചേരാം.



# തീരമണയുമ്പോൾ...

• മെർലിറ്റ്

കിഴക്കേ ചക്രവാളത്തിൽ വെള്ളിരേഖകൾ അങ്ങിങ്ങായി വീണിരിക്കുന്നു. ഇന്നലെ പെയ്തൊഴിഞ്ഞ മഴയിൽ തൊടിയും പരിസരവുമെല്ലാം ഉത്സാഹത്തിമർപ്പിലാണ്. നല്ല തണുപ്പുള്ള അന്തരീക്ഷം. 'ഓ...എഴുന്നേല്ക്കാൻ തോന്നുന്നില്ല. പുതപ്പിനുള്ളിൽ ചൂടുപറ്റി കിടക്കുന്നത് രസകരമാ... പക്ഷേ, തനിക്കതിന് സാധിക്കില്ലല്ലോ. എങ്കിലും ഐവാൻ കുറച്ചു സമയംകൂടി പുതച്ചുമൂടിക്കിടന്നു. അമ്മ വിളിച്ചപ്പോൾ എഴുന്നേറ്റ് അലസമായി പുറത്തേക്കു നോക്കിയിരുന്നു. രാവിലേതന്നെ നിരത്തുകൾ ശബ്ദായമാനമായി. പള്ളിയിൽ പോകുന്നവരും, ഓരോ ദിവസവും തള്ളിനീക്കാൻ പാടുപെടുന്നവരും വീട്ടിലിരുന്ന് മുഷിയാതിരിക്കാൻ ഹോബിയായി ജോലി ചെയ്യുന്നവരുമെല്ലാം അക്കൂട്ടത്തിൽ പെടും. ഭിത്തിയിലെ പഴയ ക്ലോക്കിൽനിന്നും അലാറം മുഴങ്ങുന്നതു കേട്ടാണ് ഐവാന് പരിസരബോധമുണ്ടായത്. അയാൾ അമ്പരന്നുപോയി. സമയം എട്ടുമണി. 'ദൈവമേ... എത്രദൂരം യാത്ര ചെയ്താലാണ് താൻ ജോലി ചെയ്യുന്ന ഷോപ്പിലെത്തുക'?

ധൃതിയിൽ കുളിച്ചൊരുങ്ങി ഭക്ഷണവും കഴിച്ച് അമ്മ കൊടുത്ത ചോറുപാത്രവും ബാഗിലാക്കി വേഗം നടന്നു. 'ഇന്ന് ആ മാനേജരുടെ ചീത്തവിളി മുഴുവൻ കേൾക്കണം. എന്തു പറഞ്ഞാണ് അയാളെ ഒന്നു വിശ്വസിപ്പിക്കുക''? ''ഒന്നും സാരമില്ലെന്നേ''-അയാൾ സ്വയം മനസ്സിനെ ആശ്വസിപ്പിച്ചു. 'ചെറുപ്പംമുതൽ സഹനത്തിന്റെ പാഠം താൻ പഠിച്ചു തുടങ്ങിയതല്ലേ? ചാച്ചനില്ലാതെ, ആരുടെയും താങ്ങും തുണയുമില്ലാതെ, തന്നെ വളർത്തി വലുതാക്കിയ ഒരമ്മയുടെ നൊമ്പരപ്പാടുകൾ തൊട്ടറിഞ്ഞു വളർന്നവനല്ലേ താൻ. അപ്പോൾപിന്നെ ഇതൊക്കെ സഹിക്കാവുന്നതേയുള്ളു.'

"അമ്മയുടെ ഐവിക്കുട്ടൻ പഠിച്ചു മിടുക്കനായി നല്ല ശമ്പളം പറ്റുന്ന ഒരു ജോലിക്കാരനാകണം. എന്നിട്ട് നല്ല ഒരു വീടും പറമ്പും വാങ്ങി ആ വീട്ടിൽ സുഖമായി ജീവിക്കണം -പട്ടിണിയില്ലാതെ, ആരെയും പേടിക്കാതെ." കുഞ്ഞുനാളിൽ അമ്മ തന്നോടു പങ്കുവച്ച ആ സ്വപ്നം, അത് യാഥാർത്ഥ്യമാകുമോ എന്തോ? ഏറെ പ്രതീക്ഷകളോടെയാണ് ഒരു ബിരുദാനന്തരബിരുദം നേടിയത്. പണക്കാരുടെ വീടുകളിൽ പാത്രം കഴുകിയും മുറ്റമടിച്ചും ലഭിക്കുന്ന വളരെ തുച്ഛമായ തുക ഏറെ കരുതലോടെ സ്വരൂപിച്ചാണ് അമ്മ തന്നെ പഠിപ്പിച്ചത്. പാവം... ഇന്ന് അമ്മയ്ക്ക് അദ്ധ്വാനിക്കാനുള്ള ആരോഗ്യമില്ല. ഇടയ്ക്കിടെ അമ്മയ്ക്കുണ്ടാകുന്ന തലവേദന... അതൊരു വല്ലാത്ത കുഴപ്പക്കാരൻ തന്നെയാ. തനിക്കൊരു നല്ല ജോലിയാവട്ടെ, എന്നിട്ടുവേണം അമ്മയെ നല്ല ഒരു ആശുപത്രിയിൽ കൊണ്ടുപോയി ചികിത്സിക്കാൻ.

ഐവാൻ ചിന്തയിൽ നിന്നുണർന്നപ്പോഴേക്കും ബസ്സ് തനിക്ക് ഇറങ്ങാനുള്ള സ്ഥലത്തെത്തിയിരുന്നു. പെട്ടെന്ന് ഇറങ്ങി കടയിലേക്ക് ഒരോട്ടമായിരുന്നു. അകത്തു കടന്നതും പിന്നിൽ നിന്ന് ഒരാക്രോശം. 'നില്ക്കവിടെ. ആരാ? എവിടുന്നാ...? നിനക്ക് തോന്നുന്ന സമയത്ത് വരാനും പോകാനും ഇതെന്താ വെള്ളരിക്കാ പട്ടണമാ"? മാനേജരുടെ ചോദ്യത്തിന് അപരിചിതത്വം. "സാർ ഞാൻ ..." ഐവാൻ പറയാൻ ഓങ്ങി. 'വേണ്ട, നിന്റെ വിശദീകരണമൊന്നും ആവശ്യമില്ല. ഇവിടെ നിന്നെപ്പോലുള്ളവർക്ക് ജോലി തരാനില്ല. നിനക്കു പോകാം.'

'സാർ... ഞാൻ.'

'വേണ്ടെന്നു പറഞ്ഞില്ലേ'? മാനേജർ തുറന്നു പറഞ്ഞു. സഹപ്രവർത്തകരുടെ മുഖങ്ങളിൽ സഹതാപത്തിന്റെ മിന്നലാട്ടം. ആരും ഒന്നും മിണ്ടുന്നില്ല. മറ്റുള്ളവരുടെ മുമ്പിൽ അപഹാസ്യനായ ഐവാൻ തിരിച്ചിറങ്ങി പട്ടണത്തിലൂടെ എങ്ങോട്ടെന്നില്ലാതെ നടന്നു. "എന്റെ ദൈവമേ, ഞാൻ ഇത്രമാത്രം നിർഭാഗ്യവാനോ? മുട്ടുന്ന വാതിലുകളൊക്കെ എന്റെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെടുന്നതെന്താ? അയാളുടെ കണ്ണുകൾ നിറഞ്ഞു. ആരും കാണാതെ കണ്ണുകൾ തുടച്ച് സാവകാശം നടന്നു. എന്തായാലും ഇപ്പോൾ വീട്ടിലേക്കു പോകുക തന്നെ. അമ്മ തൽക്കാലം വിവരമറിയേണ്ട. ബസ്സ്സ്റ്റോപ്പിലെത്തിയപ്പോൾ വീട്ടിലേക്കു പോകാനുള്ള ഒരു ബസ്സ് പോയിക്കഴിഞ്ഞിരുന്നു. ഇനി അര മണിക്കൂർ കഴിയണം അടുത്ത ബസ്സ് വരണമെങ്കിൽ. ബസ്സ്സ്റ്റോപ്പിൽ വരുന്നവരെയും പോകുന്നവരെയും നോക്കി ഐവാൻ നിർവികാരനായി ഇരുന്നു. തനിക്കൊരു ജീവിതമില്ലേ? പെട്ടെന്നു തന്നെ അയാൾ തിരുത്തി. 'ഛേ, എന്തിനീ വിപരീതചിന്ത? എല്ലാം ശരിയാകും.' വെറുതെ നിലത്തു മിഴികളൂന്നിയിരിക്കുമ്പോൾ ഒരു കഷണം പത്രക്കലടാല് കിടക്കുന്നതുകണ്ട് അതെടുത്തു മറിച്ചുനോക്കി. ഏതോ കമ്പനിയുടെ ജോലിക്കുവേണ്ടിയുള്ള പരസ്യമാണ്. മോഹനവാഗ്ദാനങ്ങൾ നൽകി വമ്പൻ തട്ടിപ്പു നടത്തുന്ന സംഘമാണിതിന്റെയൊക്കെ പിന്നിൽ. അയാൾ സ്വയം പറഞ്ഞു. പെട്ടെന്നാണ് ഒരാശയം തോന്നിയത്. ആ പരസ്യം തട്ടിപ്പല്ലെങ്കിലോ? തനിക്ക് ഒരു പക്ഷെ നല്ല ഒരു ജോലിക്കുള്ള അവസരമായിരിക്കാം ഇത്. എന്തായാലും ഒന്നു പരീക്ഷിക്കുക തന്നെ.

പരസ്യത്തിൽ കണ്ട അഡ്രസ്സിൽ പിറ്റേന്നുതന്നെ ഐവാൻ അപേക്ഷ അയച്ചു. ഇന്റർവ്യൂ നടക്കുന്ന ദിവസം രാവിലെതന്നെ കുളിച്ച് നന്നായി ഡ്രസ്സ് ചെയ്ത് തിരുഹൃദയരൂപത്തിനു മുമ്പിൽ ചെന്ന് അയാൾ പ്രാർത്ഥിച്ചു. "എല്ലാം നന്മയ്ക്കായ്," കാതിൽ ആരോ മന്ത്രിക്കുംപോലെ.

അമ്മ മകനെ അനുഗ്രഹിച്ചയച്ചു. ഇന്റർവ്യൂ കഴിഞ്ഞപ്പോൾ തന്റെ ചുമലിൽത്തട്ടി കമ്പനി മാനേജർ പറഞ്ഞു:"Ivan, you are the lucky."നാളെത്തന്നെ ജോലിയിൽ കയറിക്കൊള്ളൂ.

നന്ദി പറഞ്ഞ് പുറത്തിറങ്ങിയ അയാൾ വീട്ടിലേക്ക് ഓടുകയായിരുന്നു; തീരമണഞ്ഞൊരു തിരയുടെ നിർവൃതിയോടെ!

"എല്ലാം നന്മയ്ക്കായ്..." കാതിൽ ആരോ മന്ത്രിക്കുംപോലെ

# വഴി നടത്തുന്ന സ്വർഗ്ഗീയ അമ്മ



പരി. അമ്മ ലാളിത്യത്തിന്റെ, വിനയത്തിന്റെ, അനുസരണയുടെ മാതൃകയാണ്. അമലോത്ഭവയായും, നിത്യസഹായമായും, വരപ്രസാദപൂർണ്ണയായും, മാനവകുലത്തിന്റെ വിവിധ ജീവിതാവസ്ഥകളിൽ ആവശ്യത്തിനനുസരിച്ച് ഇടപെടുന്നവളാണ് നമ്മുടെ അമ്മ. സ്നേഹവും ത്യാഗവും ഒത്തുചേർന്നാൽ അവിടെ അവളുണ്ടാകും.

മനുഷ്യരക്ഷ എന്ന മഹാസംഭവം നടപ്പിലാക്കാൻ ദൈവദൂതന്റെ അറിയിപ്പ് ഉണ്ടായപ്പോൾ "ഇതാ കർത്താവിന്റെ ദാസി, നിന്റെ ഹിതംപോലെ എന്നിൽ ഭവിക്കട്ടെ" എന്ന തന്റെ വാക്കിലൂടെ മറിയം തന്നെത്തന്നെ ദൈവത്തിന് സമർപ്പിച്ചു. തന്റെ ഇളയമ്മയുടെ അഭിവാദനത്തിനുള്ള പ്രതികരണം "ദൈവം തന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചു" എന്നതായിരുന്നു. വിനയവും നന്ദിയും ഒപ്പം ആനന്ദവും നിറഞ്ഞ വാക്കുകൾ.

മറിയം നമ്മുടെ മധ്യസ്ഥയാണ്. ചോദിക്കുന്നതിനു മുൻപുതന്നെ മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നതിന് ഉത്തമ ഉദാഹരണമാണ് കാനായിലെ കല്യാണവിരുന്നിൽ നടന്ന സംഭവം. നമ്മുടെ വിഷമതകളിൽ അമ്മയ്ക്കടുത്ത അനുകമ്പ അവൾ നമ്മോടു കാണിക്കും. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് തന്റെ തിരുക്കുമാരന്റെ പക്കൽ നമ്മുടെ ആവശ്യങ്ങളുണർത്തിക്കുവാനും, നമ്മെ വഴിനടത്തുവാനും, സഹായിക്കുവാനും അവൾ താല്പര്യം കാണിക്കും.

"ക്രിസ്തുവിന്റെയും മനുഷ്യവർഗ്ഗം മുഴുവന്റേയും അമ്മ" എന്നാണ് വത്തിക്കാൻ കൗൺസിൽ പരി. മറിയത്തെ വിശേഷിപ്പിച്ചിരിക്കുക. ഇതുപോലൊരമ്മ നമുക്കില്ലായിരുന്നെങ്കിൽ നമ്മുടെ ജീവിതം നിർഭാഗ്യകരമാകുമായിരുന്നു.

● റ്റെസ്സി കറുകപ്പറമ്പിൽ


വിശുദ്ധിയുടെ മാതൃകയാണ് പരി.മറിയം. ജീവിതപ്രശ്നങ്ങളിൽ, ഉത്തരം കാണാത്ത സഹനങ്ങളിൽ പരി.അമ്മ നമുക്ക് താങ്ങായി, കരുത്തായി, ആശ്വാസമായി ഓടിയെത്തും. "ദൈവം സ്നേഹമാകുന്നു" എന്ന ബനഡിക്ട് 16-ാമൻ പാപ്പായുടെ പ്രഥമ ചാക്രികലേഖനത്തിൽ പരി. അമ്മയുടെ സേവനനിരതമായ വിശുദ്ധ ജീവിതത്തെക്കുറിച്ച് പറയുന്നുണ്ട്. ലോകം കണ്ട ഏറ്റവും വലിയ സുവിശേഷ സാക്ഷിയാണ് മറിയം. അമ്മ ഒരേ സമയം വേദസാക്ഷിയും രക്തസാക്ഷിയുമായിരുന്നു.

ലോകത്തിന്റെ ഒച്ചപ്പാടിന്റേയും, ബഹളത്തിന്റേയും മധ്യേ പരി.അമ്മയുടെ വിശ്വാസവും സ്നേഹവും, ലാളിത്യവും നമുക്കു മാതൃകയാക്കാം. ഈശോയിലേക്ക് കടക്കുവാനുള്ള സുരക്ഷിതമായ, സുനിശ്ചിതമായ വാതിലാണ് പരി.മറിയം. പരി. അമ്മയോടുള്ള സർവ്വപ്രധാനമായ ഭക്തിയാണ് ജപമാല. അതിലൂടെ നാം പരി. മറിയത്തോടൊപ്പം ഈശോയിലേക്ക് നടക്കുകയാണ്.

നമ്മെ താങ്ങുന്ന, കഷ്ടതകളിലും കണ്ണീരിലും സാന്ത്വനമേകുന്ന സ്വർഗ്ഗീയരാജ്ഞിയിൽ നമുക്കും വിശ്വാസപൂർവ്വം ആശ്രയിക്കാം. നമ്മെ കൈവെടിയുകയില്ലാത്ത പരി. അമ്മയുടെ കരംപിടിച്ച് നമുക്കും നമ്മുടെ ജീവിതാവസ്ഥകളിൽ വിശുദ്ധിയോടെ മുന്നേറാം.

# ഒന്നു മനസ്സിലാക്കിയിരുന്നെങ്കിൽ...!

• സുജ ചോതിരക്കുന്നേൽ



ഭവന സന്ദർശന വേളയിൽ ഒരു പിതാവ് തന്റെ ദുഃഖം പങ്കുവച്ചതാണിങ്ങനെ "ആരും എന്നെ മനസ്സിലാക്കുന്നില്ല, ഇരുപത്തഞ്ച് വർഷമായി ഞാൻ ജീവിക്കാൻ തുടങ്ങിയിട്ട്, ഇതുവരെ ഇവർക്കാർക്കും എന്നെ മനസിലാ ക്കാൻ കഴിഞ്ഞിട്ടില്ല. ആർക്കും എന്നെ മനസിലാവില്ല... മടുത്തു ജീവിതം". ഇന്ന് എവിടെയും ധനികരുടെയും ദരിദ്രരുടെയും പണ്ഡിതരുടെയും പാമരരുടെയും ഇടയിൽനിന്നെല്ലാം ഒരുപോലെ കേൾക്കുന്ന ഒരാവലാതിയാണിത്: "ആരും എന്നെ മനസ്സിലാക്കുന്നില്ല" എന്നത്. എല്ലാവിധ ജീവിത സൗകര്യങ്ങളും ആവശ്യത്തിലധികം സമ്പത്തും ഉണ്ടെങ്കിലും 'മനസ്സിലാക്കലിന്റെ' അഭാവത്തിൽ വെന്തുനീറുന്ന നിരാശരെ എവിടെയും കാണാം. ഏതു പ്രായത്തിലും ഏതവസ്ഥയിലും ഉള്ളവർ ആഗ്രഹിക്കുന്ന ഒന്നാണ് തങ്ങളെ 'മനസ്സിലാക്കുക' എന്നത്. ഭാര്യക്കും മക്കൾക്കും മുന്നിൽ ജീവിതം ഒരു പുസ്തകംപോലെ തുറന്നുവച്ചിട്ടും താൻ മനസ്സിലാക്കപ്പെടുന്നില്ല എന്നു പരിതപിക്കുന്ന കുടുംബനാഥന്മാർ നമ്മുടെ ഇടയിലുണ്ട്. 'ചങ്കെടുത്തുകാണിച്ചാലും ചെമ്പരത്തിപൂവാണെന്ന്' പറഞ്ഞ് അവഗണിക്കപ്പെടുന്നു എന്ന് സങ്കടപ്പെടുന്ന എത്ര കുടുംബനാഥന്മാർ നമ്മുടെ ഇടയിലുണ്ട്. എല്ലാം മക്കളുടെ നല്ല ഭാവിക്കുവേണ്ടിയാണ് ചെയ്യുന്നതെങ്കിലും മക്കൾ തങ്ങളെ മനസ്സിലാക്കുന്നില്ല എന്ന് നൊമ്പരപ്പെടുന്ന എത്രയോ മാതാപിതാക്കൾ. എന്തൊക്കെ ചെയ്തിട്ടും മാതാപിതാക്കൾ മനസ്സിലാക്കുന്നില്ല എന്ന് നിരാശപ്പെടുന്ന എത്രയോ മക്കൾ.

ഇന്ന് നമുക്കുചുറ്റും നടക്കുന്ന ഓരോ സംഭവങ്ങളെയും എടുത്തുനോക്കിയാൽ സ്നേഹവും സാഹോദര്യവും പിച്ചിചീന്തപ്പെടുകയാണ്. മനുഷ്യഹൃദയങ്ങളിൽ സ്വാർത്ഥത കൊടികുത്തിവാഴുകയാണ്. അവിടെ സാഹോദര്യത്തിനോ, സ്നേഹത്തിനോ യാതൊരു വിലയുമില്ല. സ്വന്തം കാര്യലാഭത്തിനും സുസ്ഥിതിക്കുംവേണ്ടി മറ്റുള്ളവരെ ഏതുവിധത്തിലും നശിപ്പിക്കുവാൻ നോക്കുന്ന ഒരു ലോകത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ക്രൈസ്തവരായ നമുക്ക് ഈ ലോകത്തിൽ വലിയ ഒരു ദൗത്യം നിർവ്വഹിക്കാനുണ്ട്. അത് മറ്റൊന്നുമല്ല. 'എല്ലാവരും വിശുദ്ധരും എല്ലാവരും സഹോദരരുമായ' ഒരു നവലോകത്തെ പടുത്തുയർത്തുകയെന്നതാണ്. അതിനായി നാം ഒത്തൊരുമിച്ച് ഒഴുക്കിനെതിരെ നീന്തുവാൻ തയ്യാറാകണം. ഇത് എളുപ്പമുള്ളതല്ല, എങ്കിലും നമുക്ക് ദൈവം ജീവിക്കുവാൻ തന്ന ഈ കാലത്ത് നാം നമ്മുടെ പങ്കുവഹിക്കണം.


ദൈവസ്നേഹവും സഹോദരസ്നേഹവും നമ്മുടെ മുഖമുദ്രയായിരിക്കണം. ഈശോ നമ്മെ സ്നേഹിച്ചതുപോലെ നാമും പരസ്പരം സ്നേഹിക്കണം. ഈ പരസ്പരമുള്ള സ്നേഹത്തിലാണ് നമുക്ക് ഒട്ടേറെ കുറവു വരുന്നത്. യഥാർത്ഥമായ സാഹോദര്യം മനുഷ്യനുമായിട്ട് ഉണ്ടാകണമെങ്കിൽ ദൈവത്തിലൂടെ സഹോദരങ്ങളെ സ്നേഹിക്കാൻ നമുക്ക് സാധിക്കണം. എല്ലാ മനുഷ്യരിലും സ്വാർത്ഥതയുടെ അംശം ഉള്ളതിനാൽ ഒരുവൻ നേരിട്ട് മറ്റൊരുവനെ സ്നേഹിക്കുന്നതിൽ സ്വാർത്ഥത കലർന്നിരിക്കും. മറ്റൊരുവനെ അവനായിരിക്കുന്ന വിധത്തിൽ അംഗീകരിച്ചു സ്നേഹിക്കുക സാധ്യമല്ല. എന്നാൽ അപരനിലെ ദൈവത്തെ കണ്ടുകൊണ്ട് സ്നേഹിക്കുമ്പോൾ ആ സ്നേഹത്തിൽ കലർപ്പില്ല, ആ സ്നേഹത്തിന് പരിധികളും ഇല്ല. മദർ തെരേസയ്ക്ക് ഓടയിൽ ചീഞ്ഞു നാറിക്കിടന്ന കുഷ്ഠരോഗിയെ കോരിയെടുത്ത് ശുശ്രൂഷിക്കാൻ സാധിച്ചത് ആ മനുഷ്യ കോലത്തിനുള്ളിലെ ദൈവത്തെ കണ്ടെതുകൊണ്ടാണ്. മനുഷ്യരുടെ ശാരിരികമോ ആദ്ധ്യാത്മികമോ ആയ ആവശ്യങ്ങൾക്കുവേണ്ടി കാരുണ്യത്തിന്റെ എന്തെങ്കിലും പ്രവൃത്തി നിർവഹിച്ചതു കൊണ്ട് സാഹോദര്യം പൂർണ്ണമാകുമെന്ന് കരുതുവാൻ ഇടയുണ്ട്. മിക്കപ്പോഴും സാഹോദര്യത്തിന് നമ്മുടെ ഭാഗത്തുനിന്നും കുറവുവരുത്തുന്ന ഘടകം നാം സഹോദരങ്ങളെ അവരായിരിക്കുന്ന വിധത്തിൽ മനസിലാക്കുന്നില്ല എന്നതാണ്. സാഹോദര്യം പടുത്തുയർത്തുന്നതിന് അത്യന്താപേക്ഷിതമായ ഒന്നാണ് അപരനെ മനസിലാക്കുകയെന്നത്. ഈ മനസിലാക്കൽ വിശത്തുന്നവന് അപ്പക്കഷണം കൊടുക്കുന്നതിൽ ഒതുക്കാവുന്നതല്ല. അപരൻ ആരുതന്നെയായാലും അവനെ അവൻ ആയിരിക്കുന്നവിധത്തിൽ അംഗീകരിച്ച് സ്വീകരിക്കുകയാണാവശ്യം. അല്ലാതെ അവൻ ആയരിക്കുന്നതിൽനിന്നും വ്യത്യസ്തനാക്കി തീർത്തിട്ട് സ്വീകരിച്ച് സ്നേഹിക്കാമെന്ന് വ്യാമോഹിക്കുന്നത് വൃഥായാണ്. മറ്റൊരുവനെ അവൻ ആയിരിക്കുന്നവിധത്തിൽ സ്വീകരിച്ച് സ്നേഹിക്കുന്നതിന് ഞാൻ എന്നിലാണ് മാറ്റം വരുത്തേണ്ടത്. ഒരു പക്ഷേ നമ്മുടെ മനസിലാക്കലിലൂടെയോ, സഹിഷ്ണുതയിലൂടെയോ, ക്ഷമയിലൂടെയോ മറ്റുള്ളവരിൽ മാറ്റം സംഭവിക്കാം. മറ്റുള്ളവരുടെ കുറവുകളിൽ, തെറ്റുകളിൽ നാം കോപാവേശം കൊണ്ടിട്ടോ, അക്ഷമത കാണിച്ചിട്ടോ യാതൊരു പ്രയോജനവുമില്ല.

ഓരോരുത്തർക്കും അവരവരുടേതായ ഒരു മാനസിക തലം ഉണ്ട്. അതിൽ ഏതാണ്, ആരുടേതാണ് കൂടുതൽ ശരിയായിട്ടുള്ളത്, തെറ്റായിട്ടുള്ളത് എന്നൊന്നും വിധിതീർപ്പു കല്പിക്കുവാൻ സാധിക്കുകയില്ല. മറ്റുള്ളവരുടെ മാനസികാവസ്ഥ, സാഹചര്യം, കഴിവ്, ജോലി എന്നിവയെല്ലാം മനസ്സിലാക്കിവേണം മറ്റുള്ളവരുമായി ഇടപെടുവാൻ. മത്തായി സുവിശേഷകൻ വിവരിക്കുന്ന രണ്ടു കടക്കാരുടെ ഉപമ പോലെ നാം ഓരോരുത്തരും കർത്താവിന്റെ കരുണ നിറഞ്ഞ, ക്ഷമിക്കുന്ന സ്നേഹത്തിന് അർഹരായവരാണ് എന്നത് ഓർമ്മിക്കുക. ദൈവം നമുക്ക് കനിഞ്ഞു നൽകിയ കരുണയും ക്ഷമയും നാം മറ്റുള്ളവരോട് കാണിക്കേണ്ടതാണ്. മറ്റുള്ളവരെ കൂടുതൽ മനസിലാക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ ഈ അതിസ്വാഭാവിക കാഴ്ചപ്പാട് ആയിരിക്കണം. പരി. അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതത്തിന് നല്ല കണ്ണോടുകൂടി മറ്റുള്ളവരെ നോക്കികാണുവാൻ സാധിക്കും. സഹോദരങ്ങളുടെ ആവശ്യങ്ങളുടെ നേർക്ക് കോപിഷ്ഠനായി പെരുമാറുന്നവനാരോ, അപരന്റെ ബലഹീനത അത് ഏതു തരത്തിലുള്ളതായാലും അവനെ മുതലെടുക്കുന്നവൻ ആരോ അവൻ നിശ്ചയമായും ദുഷ്ടാരൂപിയുടെ നിയമത്തിനു വിധേയപ്പെട്ടാണ് ജീവിക്കുന്നത്. അതുകൊണ്ട് നമുക്ക് പരസ്പരം അനുകമ്പയുള്ളവരാകാം, സ്നേഹിക്കാം. ബലഹീനതകളെ പരസ്പരം വഹിക്കണം. അതുവഴി ഭൂമിയിൽ വിശുദ്ധിയും സാഹോദര്യവും പടുത്തുയർത്താം.

> പരി. അരൂപിയാൽ നയിക്കപ്പെടുന്ന ജീവിതത്തിന് നല്ല കണ്ണോടുകൂടി മറ്റുള്ളവരെ നോക്കി കാണുവാൻ സാധിക്കും.

# ഭക്ഷണമേശ
## (Dyning Table)

• Prof. Abraham Kokkatt



ഇന്നത്തെ മുതിർന്ന തലമുറ മനസ്സിൽ സൂക്ഷിക്കുന്ന ഒരു ചിത്രമുണ്ട്, ഊണിനെയും, ഊണ് മേശയെപ്പറ്റിയും. ഏതാണ്ട് അരനൂറ്റാണ്ട് മുമ്പുവരെ തന്റെ പ്രിയപ്പെട്ട ചാച്ചനും അമ്മയും മെഴുകിയ തറയിൽ കൊരണ്ടിയിൽ ഇരുന്ന് ഭക്ഷിച്ചിരുന്ന കാഴ്ച... പ്രായമേറിയ മാതാപിതാക്കൾക്ക് ഒപ്പം പ്രായമേറിയ മക്കൾ ഒപ്പം ഇരുന്ന് ഭക്ഷിച്ചിരുന്ന അവസരങ്ങൾ... അവർ അനുഭവിച്ചിരുന്ന സന്തോഷവും സംതൃപ്തിയും പങ്കുവയ്ക്കലിന്റെ മനോഹാരിതയും അനുഭവിച്ചറിഞ്ഞ ധന്യനിമിഷങ്ങൾ... ഭക്ഷണമേശയുടെ അർത്ഥവും വ്യാപ്തിയും എത്രയോ മാറിയിരിക്കുന്നു. ആ ഭക്ഷണമേശ എപ്രകാരമായിരിക്കണം, ഇപ്പോൾ എപ്രകാരമാണ് എന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും.

ജീവൻ നിലനിർത്തുന്നതിനപ്പുറം ജീവന്റെ ദാനങ്ങൾ ആഘോഷിച്ചിരുന്ന അവസരമാണ് ഒന്നിച്ചുള്ള ഭക്ഷണം. ഗാഢവും അതിലേറെ പരിശുദ്ധവും ആയ മാനുഷികസംഭവങ്ങളാണ് ഭക്ഷണമേശയ്ക്കു ചുറ്റും നാമായിരിക്കുമ്പോൾ സംഭവിക്കുക. തൊട്ട് അടുത്തിരിക്കുന്ന കുടുംബത്തിലെ അംഗങ്ങൾക്ക് വിഭവങ്ങൾ നിറയ്ക്കുവാൻ നാം പരസ്പരം മൽസരിക്കുന്നു. വിശപ്പ് അടക്കുന്നതിലുപരി സന്തോഷം നമുക്കുള്ളത് നൽകുന്നു. ഭക്ഷണമേശയ്ക്കുചുറ്റും നാം ഒരു കുടുംബമായി, സമൂ

ഇല്ലായ്മകളും, വല്ലായ്മകളും... സുഖ-ദുഃഖങ്ങൾ... എല്ലാം പങ്കിടുന്ന വേദി. ഒന്നിച്ച് പ്രാർത്ഥിക്കുകയും, ഒന്നിച്ചു ഭക്ഷിക്കുകയും ചെയ്യുന്ന കുടുംബം എന്നേയ്ക്കും നിലനിൽക്കുന്നു എന്നു നാം വിശ്വസിക്കുന്നു.

പുതിയ ഒരു ഭവനം പണുതുയർത്തുമ്പോൾ ലക്ഷങ്ങൾ മുടക്കി അടുക്കളയും ഊണുമുറിയും സജ്ജീകരിക്കാത്ത ആരുണ്ട് ഈ ആധുനികയുഗത്തിൽ? വളരെ മനോഹരമായി ഇവിടെ രൂപകല്പന ചെയ്തിരിക്കുന്നു. അനായാസമായി ഭക്ഷണം ഒരുക്കാൻ എല്ലാ ആധുനിക സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നു. വളരെ രുചികരമായ ഭക്ഷണം നാം ഒരുക്കുന്നു. ഊണുമേശയിൽ അവ മനോഹരമായി സജ്ജീകരിക്കുന്നു. ബാഹ്യമായ ഈ ഒരുക്കങ്ങൾക്കൊപ്പം ഭക്ഷണമേശയ്ക്ക് ചുറ്റുമിരിക്കുന്ന നമ്മുടെ മനോഭാവം ആണ് ശ്രദ്ധിക്കേണ്ടത്. ഈ പരിശ്രമങ്ങൾ എല്ലാം നിഷ്ഫലമാകുന്ന കാഴ്ചയാണ് നാം ഇന്ന് കാണുക!

ആരോഗ്യകരമായ കുടുംബബന്ധങ്ങളുടെ ഇരിപ്പിടമാകേണ്ട നമ്മുടെ ഭക്ഷണമേശ എത്ര പെട്ടെന്നാണ് അകൽച്ചയുടെയും ശത്രുതയുടെയും വെറുപ്പിന്റെയും ഇരിപ്പിടമാകുക? പരസ്പര സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ, പങ്കുവയ്ക്കലിന്റെ മാധ്യമമാകേണ്ട ഭക്ഷണമേശ അകൽച്ചയുടെയും ഭിന്നതയുടെയും പിരിമുറുക്കത്തിന്റെയും വേദിയായി മാറുന്നു. ഭർത്താവ് ഭാര്യയോട് സംസാരിക്കാതിരിക്കുന്നത് കാണുമ്പോൾ കുട്ടികൾ ഭക്ഷണം കഴിക്കാൻ വിസമ്മതിക്കുന്നു... സഹോദരീ-സഹോദരന്മാർ തമ്മിൽ നിശബ്ദത പാലിക്കുന്നു. സ്വർഗ്ഗമാകേണ്ട നമ്മുടെ ഭക്ഷണമേശ ഒരു നരകമേശയായി മാറുന്നു. നാം ഒരിക്കലും ആഗ്രഹിക്കാത്ത അവസ്ഥയിലേയ്ക്ക് നമ്മുടെ കുടുംബം മാറുന്നു.

ഓരോ കുടുംബത്തിന്റെയും തെർമ്മോമീറ്റർ ആണ് ഭക്ഷണമേശ. ഇത് ഗാഢമായ ബന്ധം ആഘോഷിക്കുന്ന ഒന്നായിത്തീരാൻ കഴിവുള്ളതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു. പെസഹാദിനത്തിലെ അന്ത്യഅത്താഴസമയത്ത് ഈശോയും ശിഷ്യരും ആഘോഷിച്ച അത്താഴവിരുന്നും, ആദിമസഭയിലെ അപ്പംമുറിക്കൽ ശുശ്രൂഷയും നമ്മുടെ ഊണുമേശ അർത്ഥവത്താക്കാൻ സഹായിക്കട്ടെ.

ഹമായി, ഏക ശരീരമായി മാറുന്നു. ഭക്ഷണമേശയ്ക്കു ചുറ്റും നാം ആയിരിക്കുന്ന അവസ്ഥ വളരെ പ്രത്യേകവും അനുഗ്രഹദായകവുമായ സമയം ആണ് എന്ന ബോധ്യം ഉണ്ടാകുന്നതിനുവേണ്ടിയാണ് ഭക്ഷണമേശ പൂക്കൾക്കൊണ്ടും മെഴുകുതിരികൾകൊണ്ടും ഭംഗിയുള്ള വിരി ഉപയോഗിച്ചും മനോഹരമാക്കുന്നത്.

ഈ ഭക്ഷണമേശ വളരെ ഗാഢമായി നമ്മോട് ബന്ധപ്പെട്ടിരിക്കുന്നു. ഇത് നമ്മുടെ ജീവിതത്തിലെ ഒരു സുപ്രധാനമായ ഭാഗമാണ്. മേശയ്ക്ക് അരികിൽ ഭക്ഷണത്തിനിരിക്കുമ്പോൾ നാം അടുത്തിരിക്കുന്ന വ്യക്തിയെ സ്നേഹപൂർവ്വം കൂടുതൽ വിഭവങ്ങൾ എടുക്കുവാൻ നിർബന്ധിക്കുന്നു. നമ്മുടെ ബന്ധുക്കളെയും കൂട്ടുകാരെയും ഭക്ഷണത്തിനായി നാം വീട്ടിലേയ്ക്ക് ക്ഷണിക്കുന്നു. നമ്മുടെ ശരീരത്തിന് പോഷണം നൽകുന്ന അതേ ഭക്ഷണം നാം അവർക്കു നൽകുന്നു. അവർ നമ്മോടൊപ്പം ആയിരിക്കാൻ നാം ആഗ്രഹിക്കുന്നു. അതുകൊണ്ടാണല്ലോ വീട്ടിലേയ്ക്ക് നാം സുഹൃത്തുക്കളെ ക്ഷണിക്കുമ്പോൾ ആ ക്ഷണം നിരസിക്കുന്നവരോട് നമുക്ക് അതൃപ്തി ഉണ്ടാവുക.

ഭക്ഷണമേശ നാം പരസ്പരം 'ഭക്ഷണം' ആയിത്തീരേണ്ട വേദിയാണ്. പ്രഭാതത്തിലും മധ്യാഹ്നത്തിലും, സായാഹ്നത്തിലും ഉള്ള അവസരങ്ങൾ കുടുംബാംഗങ്ങൾ ഏകമനസ്സോടെ വർത്തിക്കാൻ അവരെ സഹായിക്കുന്നു. യഥാർത്ഥത്തിൽ ഭൂമിയിലെ സ്വർഗ്ഗം ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. ഇല്ലായ്മകളും, വല്ലായ്മകളും... സുഖ-ദുഃഖങ്ങൾ... എല്ലാം പങ്കിടുന്ന വേദി. ഒന്നിച്ച് പ്രാർത്ഥിക്കുകയും, ഒന്നിച്ചു ഭക്ഷിക്കുകയും ചെയ്യുന്ന കുടുംബം എന്നേയ്ക്കും നിലനിൽക്കുന്നു എന്നു നാം വിശ്വസിക്കുന്നു.

# അമ്മയോടൊപ്പം അനുഗ്രഹവഴിയേ.....

• ഷിജി പറപ്പള്ളിയാത്ത്

**മഹിമയുടെ രഹസ്യങ്ങൾ**

*അമലോത്ഭയും ദൈവത്തിന്റെ അമ്മയും നമ്മുടെ അമ്മയുമായ കന്യകാമറിയം ആത്മാവോടും ശരീരത്തോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.*

ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ അമ്മേ, ഞങ്ങളുടെ ദുരിതങ്ങളിലേക്കും വേദനകളിലേക്കും പ്രയാസങ്ങളിലേക്കും ബലഹീനതകളിലേക്കും നിന്റെ കരുണയുള്ള കണ്ണുകൾ വർഷിക്കപ്പെടുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പരിശുദ്ധ മറിയമേ, ഞങ്ങളുടെ അമ്മേ, വിശുദ്ധരായി ജീവിക്കാനുള്ള ഞങ്ങളുടെ ആഗ്രഹത്തെ അങ്ങേ കരങ്ങളിൽ സമർപ്പിക്കട്ടെ.

**ഒന്നാം ദിവ്യരഹസ്യം: മിശിഹായുടെ ഉത്ഥാനം**

*പാപത്തെയും മരണത്തെയും ജയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ മിശിഹാ തന്റെ പരിശുദ്ധ മാതാവിനോടും ശ്ലീഹന്മാരോടുമൊത്തു നാല്പതു ദിവസം വസിച്ചതിനെപ്പറ്റി നമുക്കു ധ്യാനിക്കാം.*

ഈശോയുടെ ഉത്ഥാനത്തിൽ ആഴമായി വിശ്വസിക്കുവാനും മരണാനന്തരജീവിതത്തിലുള്ള പ്രത്യാശയോടെ ഈ ലോകജീവിതത്തിലെ ക്ലേശങ്ങളും ബുദ്ധിമുട്ടുകളും തരണം ചെയ്യുവാനും ആവശ്യമായ ദൈവാനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കാം (1 സ്വ. 10 നന്മ. 1 ത്രി.).

**രണ്ടാം ദിവ്യരഹസ്യം: മിശിഹായുടെ സ്വർഗ്ഗാരോഹണം**

*മഹത്ത്വപൂർണ്ണമായ ഉയിർപ്പിന്റെ നാല്പതാം നാൾ മിശിഹാ തന്റെ ശിഷ്യർ കാൺകെ സ്വർഗ്ഗാരോഹണം ചെയ്തതിനെപ്പറ്റി നമുക്കു ധ്യാനിക്കാം.*

നിത്യജീവിതത്തിലുള്ള വിശ്വാസത്തിൽ വളരുവാനും സ്വർഗ്ഗീയ ജീവിതത്തെ മുൻനിർത്തി ജീവിക്കുവാനും ആവശ്യമായ അനുഗ്രഹത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കു പ്രാർത്ഥിക്കാം (1 സ്വ. 10 നന്മ. 1 ത്രി.).

**മൂന്നാം ദിവ്യരഹസ്യം: പരിശുദ്ധാത്മാവിന്റെ ആഗമനം**

*മിശിഹായുടെ വാഗ്ദാനം പൂർണ്ണമാക്കിക്കൊണ്ട് പെന്തക്കോസ്ത തിരുനാൾ ദിനം മാതാവും ശ്ലീഹന്മാരും പരിശുദ്ധാത്മാവിനാൽ പരിപൂരിതരാകുന്നു എന്നതിന്മേൽ നമുക്കു ധ്യാനിക്കാം.*

പ്രാർത്ഥനയിലൂടെ പരിശുദ്ധാരൂപിയാൽ അനുദിനം നിറയുവാനും ദൈവാരൂപിയുടെ പ്രേരണയ്ക്ക് സദാ കീഴ്വഴങ്ങിക്കൊണ്ട് ജീവിക്കുവാനും ആവശ്യമായ കൃപാവരത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥം നമുക്കു പ്രാർത്ഥിക്കാം (1 സ്വ. 10 നന്മ. 1 ത്രി.).

**നാലാം ദിവ്യരഹസ്യം: മാതാവിന്റെ സ്വർഗ്ഗാരോപണം**

*അമലോത്ഭവയും ദൈവത്തിന്റെ അമ്മയും നമ്മുടെ അമ്മയുമായ കന്യകാമറിയം ആത്മാവോടും ശരീരത്തോടുംകൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു.*

സ്വർഗ്ഗീയ ജീവിതത്തിന്റെ പൂർണ്ണതയിലേക്ക് മാതാവിനെ ആനയിച്ച ഈശോമിശിഹായുടെ വാഗ്ദാനങ്ങളിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് ജീവിക്കുവാൻ ആവശ്യമായ അനുഗ്രഹത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കു പ്രാർത്ഥിക്കാം (1 സ്വ. 10 നന്മ. 1 ത്രി.).

**അഞ്ചാം ദിവ്യരഹസ്യം: മാതാവിന്റെ കിരീടധാരണം**


*പരിശുദ്ധ മാതാവിനെ സ്വർഗലോകരാജ്ഞിയായി അവിടുത്തെ ദിവ്യപുത്രൻ കിരീടം ധരിപ്പിച്ചതിനെയും അതിൽ സകല വിശുദ്ധർക്കുമുണ്ടായ സന്തോഷത്തെയും കുറിച്ച് നമുക്കു ധ്യാനിക്കാം.*

പരി. അമ്മയോടുള്ള ആഴമായ ഭക്തിയിലും സ്നേഹത്തിലും വളരുവാനും ഈ അനുഭവത്തിലേക്ക് മറ്റുള്ളവരെ ആനയിക്കുവാനും ആവശ്യമായ കൃപാവരത്തിനായി മാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്കും പ്രാർത്ഥിക്കാം (1 സ്വ. 10 നന്മ. 1 ത്രി.).

അമ്മേ, മാതാവേ! അമ്മ ഞങ്ങളുടെ ആശ്രയമാകുന്നു. ഞങ്ങളുടെ ജീവനും മാധുര്യവും പ്രതീക്ഷയുമായ നിന്നിലേക്ക് ഞങ്ങൾ നോക്കുന്നു. നിന്റെ മാധുര്യമേറിയ സ്വരം ഞങ്ങളിലേക്ക് ഒഴുക്കണമേ. നിന്റെ ഉദരത്തിന്റെ അനഗൃഹീതഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. ആമ്മേൻ.

വിചാരണ

# റെഡി മെയ്ഡ് കൂദാശകൾ!



“ഏതായാലും ശാലോം ടിവിയിൽ കുർബാന തുടങ്ങിയത് നന്നായി. മറ്റൊന്നും കൊണ്ടല്ലച്ചോ. ഞായറാഴ്ചയാ കുറച്ചു കച്ചവടം നടക്കുന്നത്. അതുകൊണ്ട് ഇതടച്ചിട്ടിട്ട് പള്ളീൽ പോകാൻ പറ്റില്ല. ഇപ്പോ ഇവിടെ ടിവിയുള്ളതുകൊണ്ട് അതിൽ കുർബാനേം കാണാം കച്ചോടോം നടക്കും”. ഒരി ടവകയിലെ ധ്യാനത്തോടനുബന്ധിച്ച് ഭവനസന്ദർശനം നടത്തുന്നതിന് ഒരു ‘കടകുടുംബ’ത്തിൽ ചെന്നപ്പോൾ ‘കടനാഥൻ’ പറഞ്ഞ വാക്കുകളാണിത്. “മാത്രമല്ല പള്ളീൽ പോയാൽ സഹിക്കേണ്ടിവരുന്ന അച്ചന്റെ അഴകൊഴമ്പൻ പ്രസംഗവും അടുത്തിരിക്കുന്നവന്റെ അസഹ്യമായ വിയർപ്പു നാറ്റവുമൊന്നും ഇല്ലാതെ സ്വസ്ഥമായി കുർബാന കാണുകയും ചെയ്യാം”. അപ്പോൾ ‘ഓടിക്കൊണ്ടിരുന്ന’ ഏതൊ തമിഴ്സിനിമ ഓഫ് ചെയ്യാതെതന്നെ അയാളൊന്നു താങ്ങി. ടിവിയിലുള്ളത് ജീവനില്ലാത്ത വെറും പ്രദർശനമാണെന്ന് അവരുതന്നെ തുടക്കത്തിൽ എഴുതി കാണിക്കുന്നത് ഇയാൾ കണ്ടിട്ടുണ്ടാവുമോ ആവോ? ഒരു പക്ഷേ പലരും പള്ളിയിൽ വരുന്നതുപോലെ ആദ്യഭാഗമൊക്കെ കഴിയുമ്പോഴായിരിക്കും ചാനലു മാറി കുർബാനയിലെത്തുന്നത്.

വി. കുർബാനയെ ജീവിതവും ജീവിതസാഹചര്യങ്ങളുമായി ബന്ധപ്പെടുത്താതെ വെറുമൊരു ‘കാണൽ’ മാത്രമാക്കി മാറ്റുന്നതുകൊണ്ടാണ് ഇതുപോലുള്ള പ്രദർശനങ്ങൾക്കു മുമ്പിലിരുന്ന് പലരും തൃപ്തിയടയുന്നത്. വി. കുർബാന രക്ഷാചരിത്രത്തിന്റെ ഓർമ്മ മാത്രമായി നാം കാണരുത്. മറിച്ച് ഈശോയോടു ചേർന്ന് നമ്മുടെ സജീവസാന്നിദ്ധ്യവും സഹകരണവുംകൊണ്ട് അർത്ഥപൂർണ്ണമായിതീരുന്ന ജീവദായകമായ ബലികൂടിയാണതെന്ന സത്യം മറക്കാതിരിക്കണം.


ഫാസ്റ്റ് ഫുഡ് കടയിൽചെന്ന് പാഴ്സൽ വാങ്ങുന്നതുപോലെയാകുന്ന കൂദാശാ സ്വീകരണങ്ങൾ ഇന്നു കൂടിവരികയാണ്. സജീവമായ സമൂഹത്തിന്റെ പൂർണ്ണമായ പങ്കാളിത്തം ഏതു കൂദാശയേയും അർത്ഥമുള്ളതാക്കിത്തീർക്കുന്നതിന് ആവശ്യമാണ്. അച്ചന്റെ അധികാരവും അപരന്റെ സാന്നിദ്ധ്യവുമാണ്

● ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

കൂദാശകളെ നമുക്കനുഗ്രഹമാക്കിത്തീർക്കുന്നത്. തികച്ചും വ്യക്തിപരമെന്നു നാം കരുതുന്ന അനുരഞ്ജന കൂദാശയിൽ പോലുമുള്ള സമൂഹത്തിന്റെ പങ്ക് ആ കൂദാശയുടെ പേരിൽനിന്നുതന്നെ വ്യക്തമാണ്. അതുകൊണ്ടുതന്നെ ഈ കൂട്ടായ്മയ്ക്കു വിരുദ്ധമായ ചൈതന്യത്തോടെ നടത്തപ്പെടുന്ന കൂദാശാ സ്വീകരണങ്ങൾ അനുഗ്രഹം പ്രദാനം ചെയ്യില്ല എന്നത് മറക്കരുത്. അച്ചനോടുള്ള സ്നേഹക്കുറവുകൊണ്ടോ കൂടെ നില്ക്കുന്ന അയൽക്കാരനോടുള്ള അകൽച്ചകൊണ്ടോ കൂദാശകൾ സ്വീകരിക്കാൻ അയൽപക്കത്തെ പള്ളിയന്വേഷിക്കുന്നവർക്ക് അതനുഗ്രഹമാകില്ല. കാരണം കൂദാശകൾ കൂട്ടായ്മയുടെ ആഘോഷമാണ്. ഓരോ ഇടവകയും പ്രഘോഷിക്കേണ്ടത് ഈ കൂട്ടായ്മയുടെ സന്ദേശമാണ്. അതു മറന്ന് അയൽ ഇടവകയിൽ സ്ഥിരം വിരുന്നുകാരനായി മാറുന്നത് ഏതായാലും അത്ര അന്തസുള്ള കാര്യമല്ല.

വി. കൂദാശയാൽ സൃഷ്ടിക്കപ്പെടുന്നതും അതിനാൽത്തന്നെ വളർത്തപ്പെടുന്നതുമായ സജീവമായ സഭയുടെ ഒരു അവയവമാണ് താനെന്ന ബോദ്ധ്യം നാമോരോരുത്തർക്കും ഉണ്ടെങ്കിൽ അതിനു യോജിക്കാത്ത ശൈലികൾ നമുക്കൊരിക്കലുമുണ്ടാകില്ല.

# പ്രോസാങ്ങ്ടിറ്റി മൂവ്മെന്റും അപ്പസ്തോലിക് ഒബ്ലേറ്റ്സും



ദൈവദാസൻ
**ബിഷപ് വില്യം ജക്വീൻതാ**

പ്രോസാങ്ങ്ടിറ്റി മൂവ്മെന്റിന് ജീവൻ കൊടുക്കുന്നതും മൂവ്മെന്റിനെ പരിപോഷിപ്പിക്കുന്നതും പ്രഥമമായും അപ്പസ്തോലിക് ഒബ്ലേറ്റ്സാണ്. 1950 മെയ് 1–നാണ് ദൈവദാസൻ വില്യം ജക്വീൻതാ അപ്പസ്തോലിക്ഒബ്ലേറ്റ്സ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചത്. പ്രോസാങ്ങ്ടിറ്റി മൂവ്മെന്റിൽ സഹകാരികളായി നിന്നുകൊണ്ട് അപ്പസ്തോലിക് ഒബ്ലേറ്റ്സ് ഇന്ന് ലോകത്തിന്റെ എല്ലാ മേഖലകളിലും ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹത്തെയും ആ സ്നേഹത്തിനു മനുഷ്യർ കൊടുക്കേണ്ട മറുപടിയേയും കുറിച്ച് ബോധവാന്മാരാക്കുന്നു. അതിനായി മനുഷ്യമനസ്സാക്ഷിക്കു രൂപം കൊടുക്കുന്നു. 1947–ൽ റോമിൽ രൂപംകൊണ്ട ഈ പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ് ഇന്ന് 7 രാജ്യങ്ങളിലായി പ്രവർത്തനനിരതമാണ്. ഇൻഡ്യയിൽ ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, പാലാ, കല്യാൺ (മുംബൈ), തലശ്ശേരി എന്നീ രൂപതകളിൽ പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ് പ്രവർത്തിക്കുന്നു. ലോകയാഥാർത്ഥ്യങ്ങളുടെ ചുരുളുകൾ നിവർക്കുന്ന സമ്പർക്ക മാധ്യമങ്ങൾ പരിശോധിച്ചാൽ ഇന്നും പ്രോസാങ്ങ്ടിറ്റി മൂവ്മെന്റിന്റെ പ്രസക്തി വളരെ വ്യക്തമായി കാണാം. സ്വന്തം സാർത്ഥതാല്പര്യങ്ങൾക്കും സ്ഥാനമാനങ്ങൾക്കുമായി എന്തും ചെയ്യുവാൻ മടിക്കാത്ത ഒരു ലോകത്തിലാണ് ഇന്നും നാം ജീവിക്കുക. മതത്തിനോ വിശ്വാസത്തിനോ യാതൊരു പ്രാധാന്യവും കൊടുക്കാതെ ദൈവത്തെ തിരസ്ക്കരിക്കുന്നവരും ലക്ഷ്യബോധമില്ലാത്തവരുമായ ഒരു കൂട്ടർ, വിദ്വേഷവും വെറുപ്പും, പകയും നിറഞ്ഞുതുളുമ്പി പ്രതികാരദ്രോഹികളായി കാത്തുനില്ക്കുന്ന ഒരു പറ്റം മനുഷ്യക്കോലങ്ങൾ, മദ്യത്തിനും മയക്കുമരുന്നിനും അടിമയായിരിക്കുന്ന യുവജനങ്ങൾ, അനീതിയും അക്രമവും കൊലയും കൊള്ളിവയ്പുംകൊണ്ട് അടിച്ചമർത്തപ്പെട്ട മറ്റൊരു സമൂഹം. ഇവയെല്ലാം ഒരു വശത്തു കാണുമ്പോൾ മറുവശത്ത് നന്മയ്ക്കും ദൈവത്തിന്റെ പ്രകാശത്തിനുംവേണ്ടി കാത്തിരിക്കുന്ന സമാധാനകാംക്ഷികൾ, ദൈവത്തെ പ്രാപിക്കാനുള്ള അതീവ ദാഹത്താൽ ദൈവാനുഭവത്തിനുവേണ്ടി പരക്കം പായുന്നവർ 'പോട്ട' തുടങ്ങിയ ധ്യാനമന്ദിരങ്ങൾ അതിനുദാഹരണങ്ങളാണ്. ഇവയെല്ലാം ഇന്നിന്റെയും ഇന്നുവരെയുള്ള ലോകത്തിന്റെയും ചിത്രമല്ലേ? ഇപ്രകാരമുള്ള ഒരു സമൂഹത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ചിത്രമല്ലേ? ഇപ്രകാരമുള്ള ഒരു സമൂഹത്തിൽ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ദീപശിഖയേന്തി നില്ക്കുന്ന പ്രോസാങ്ങ്ടിറ്റി മൂവ്മെന്റ് ഒരു വെല്ലുവിളിയായി മനുഷ്യഹൃദയങ്ങളിലേക്ക് – എല്ലാവരും വിശുദ്ധർ – എല്ലാവരും സഹോദരർ – എന്ന സന്ദേശവുമായി കടന്നുവരുന്നു.

"സ്നേഹിച്ചുകൊണ്ടു മാത്രമേ
പടുത്തുയർത്തുവാൻ സാധിക്കൂ." (+G.G.)

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ഓഗസ്റ്റ് 2009

For private circulation only

സ്നേഹത്തോടുകൂടി ചെയ്യാത്ത ഒരു യാത്രയോ,
സ്നേഹത്തിനുവേണ്ടി പാലിക്കാത്ത ഒരു നിയമമോ,
സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കാത്ത ഒരു ജീവിതമോ,
സ്നേഹത്തിൽ സ്വയം ശൂന്യമാക്കാത്ത ഒരു സമർപ്പണമോ,
സ്നേഹത്തോടെ ജീവിക്കാത്ത ഒരു ദിവസമോ
നമുക്ക് ഉണ്ടാകാൻ പാടില്ല.

(ദൈവദാസൻ ബിഷപ് വില്യം ജകവീൻതാ)

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്